# സമന്വയ

അതിരൂപത ബുള്ളറ്റിൻ

## തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

പുസ്തകം 24 ആഗസ്റ്റ് 2019 ലക്കം 8

***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.

റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

***പത്രാധിപർ***

റവ.ഡോ.മൈക്കിൾ തോമസ്

***പത്രാധിപ സമിതി***

റവ. ഡോ. എഡിസൺ വൈ.എം

റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്

റവ. ഡോ. ഡൈസൺ വൈ.

റവ. ഡോ. ലോറൻസ് കുലാസ്

റവ. ഡോ. എ.ആർ ജോൺ

റവ. ഫാ. ലെനിൻ രാജ്

റവ. ഫാ. ലെനിൻ ഫെർണാണ്ടസ്

റവ. ഫാ. ടോണി ഹാംലെറ്റ്

റവ. ഫാ. ഷാജൻ ജോസ്

***കവർ & ലേ-ഔട്ട്***

റവ.ഫാ.സുരേഷ്പയസ്

ലാറ്റിൻ ആർച്ച്ബിഷപ്പ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ


- ഉത്തരവാദിത്വപൂർണ്ണമായ സ്വാതന്ത്ര്യം: ദൈവമക്കളുടെ മുഖമുദ്ര (എഡിറ്റോറിയൽ)
- ആർച്ച്ബിഷപ്പ്സ്ഡയറി- ആഗസ്റ്റ്
- ബിഷപ്പ്സ്ഡയറി - ആഗസ്റ്റ്
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- സാമൂഹ്യ ശുശ്രൂഷ
- മത്സ്യമേഖല ശുശ്രൂഷ
- അല്മായ ശുശ്രൂഷ

# ഉത്തരവാദിത്വ പൂർണ്ണമായ സ്വാതന്ത്ര്യം : ദൈവമക്കളുടെ മുഖമുദ്ര.

2019 ആഗസ്റ്റ് 15 ന് ഭാരതാംബയുടെ 73-ാം സ്വാതന്ത്ര്യ ദിനവും പരിശുദ്ധ കന്യാകാ മറിയത്തിന്റെ സ്വർഗ്ഗാരോപണ മഹോത്സവും ആഘോഷിക്കാനൊരുങ്ങുമ്പോൾ, 'ഈ രണ്ട് മഹത് സംഭവങ്ങളും നമ്മുടെ ജീവിതത്തിൽ കാലികമായി നല്കുന്ന സന്ദേശം എന്ത്?' എന്നത് ഏറെ പ്രസക്തമായ ചോദ്യമാണ്.

ഭാരതീയരും കത്തോലിക്കരുമായ നമ്മെ സംബന്ധിച്ചിടത്തോളം ഈ രണ്ട് സംഭവങ്ങളും ആഘോഷത്തിന്റെ അവസരങ്ങളാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ ഭാരതാംബയുടെ സ്വാതന്ത്ര്യദിന സ്മരണയും പരിശുദ്ധ കന്യാകാംബയുടെ സ്വർഗ്ഗ പ്രവേശനവും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ടെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

ലോക രക്ഷകനായ ക്രിസ്തുവിന് ജന്മമേകുന്ന പ്രക്രിയയിൽ ദൈവീക ഉപകരണമാകുവാനുള്ള ദൈവത്തിന്റെ ക്ഷണത്തോട് അനുഭാവത്തോടും സർഗ്ഗാത്മകമായും പ്രത്യുത്തരിച്ച പരിശുദ്ധ മറിയം ആ ഉത്തരവാദിത്ത നിർവ്വഹണത്തിനായ് സമ്പൂർണ്ണമായും സ്വയം സമർപ്പിച്ചു. പരിശുദ്ധ അമ്മയുടെ ഈ തെരഞ്ഞെടുപ്പിൽ അവളുടെ ഉത്തരവാദിത്തപൂർണ്ണമായ സ്വാതന്ത്ര്യം സുവ്യക്തമായി പ്രകടമാകുന്നു. ദിവ്യരക്ഷകന്റെ ജനനിയാവുകയെന്ന വലിയ ഉത്തരവാദിത്വം, അതർഹിക്കുന്ന ത്യാഗം സമ്പൂർണ്ണമായി അനുഭവിച്ചുകൊണ്ട് യാതൊരുവിധ പരാതിയും പരിഭവവും ആരോടും പ്രകടിപ്പിക്കാതെയും എന്നാൽ സമചിത്തതയോടും അതിനേക്കാളേറെ ആത്മീയാനന്ദത്തോടും കൂടി നിർവ്വഹിക്കുന്ന മറിയത്തെയാണ് നാം ദർശിക്കുക. ഉള്ളിൽ സ്വാതന്ത്ര്യമുള്ള ഒരു വ്യക്തിയ്ക്ക് മാത്രം ചെയ്യാനാകുന്ന വലിയൊരു പ്രവൃത്തി. താൻ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിൽ അന്തർലീനമായിരിക്കുന്ന ഉത്തരവാദിത്വത്തെക്കുറിച്ച് പൂർണ്ണബോധ്യമുണ്ടാവുകയും അത് നിർവ്വഹിക്കുന്നതിൽ തന്നെതന്നെ നിരുപാധികം സമർപ്പിക്കുകയും ചെയ്യുന്ന മറിയം.

ഭാരതാംബയുടെ 73-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുവാനൊരുങ്ങുമ്പോൾ അതിനുവേണ്ടി പോരാടിയ, ജീവൻ സമർപ്പിച്ച

സമരപോരാളികളിലും പരിശുദ്ധ മറിയം പ്രദർശിപ്പിച്ച ഉത്തരവാദിത്തവും ത്യാഗവും ദർശിക്കുവാനാകും. സ്വാതന്ത്ര്യസമരസേനാനികളുടെ സമർപ്പണത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും ത്യാഗോജ്ജ്വലമായ ജീവിതത്തിന്റെയും ഫലമാണ് നാം ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യം. മാന്യമായി ജീവിക്കുവാൻ , നല്ല വിദ്യാഭ്യാസം സ്വീകരിക്കുവാൻ, നമുക്കിഷ്ടമുള്ള മതത്തിൽ വിശ്വസിക്കുവാൻ, വാസയോഗ്യമായ ഭവനത്തിനും ഭക്ഷണത്തിനുമൊക്കെയുള്ള സ്വാതന്ത്ര്യം...

മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യദിനവും, സ്വർഗ്ഗാരോപണ മഹോത്സവവും ആഘോഷിക്കുമ്പോൾ സുപ്രധാനമായ രണ്ട് കാര്യം വിചിന്തന വിധേയമാകേണ്ടതുണ്ട്. ബാഹ്യശക്തികളെപഴിക്കാതെ ആന്തരീകമായി എനിക്ക് സ്വാതന്ത്ര്യം അനുഭവിക്കുവാൻ കഴിയുന്നുണ്ടോ? ദൈവമക്കളുടെ ഉത്തരവാദിത്ത പൂർണ്ണമായ സ്വാതന്ത്ര്യം ആണ് ഇവിടെ വിവക്ഷിക്കുന്നത്. എന്റെ ഉള്ളിൽ ഞാൻ അനുഭവിക്കുന്ന ഞെരുക്കം, എന്നെ പരിമിതപ്പെടുത്തുന്ന, അസ്വസ്ഥചിത്തനാക്കുന്ന, പാരതന്ത്ര്യത്തിന്റെ, തിന്മയുടെ ശക്തികൾ ഏവയാണെന്ന് സ്വയം തിരിച്ചറിയുകയും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അവയെ അതിജീവിക്കുവാൻ ശ്രമിക്കുമ്പോഴാണ് ദൈവമക്കളുടെ ഉത്തരവാദിത്തപൂർണ്ണമായ സ്വതന്ത്ര്യം നമുക്കനുഭവിക്കാനാവുക.

രണ്ടാമതായി ബ്രിട്ടന്റെ അധീനതയിൽ നിന്നും, കൊളോണിയയിൽ സംസ്ക്കാരത്തിൽ നിന്നും ഭാരതം സ്വതന്ത്രയായി എന്നു പറയുമ്പോഴും ഭാരതത്തിലെ എത്ര ശതമാനം മനുഷ്യരാണ് ഭരണഘടന വിഭാവന ചെയ്യുന്ന സ്വാതന്ത്ര്യം അനുഭവിക്കുന്നത്. സാധാരണ മനുഷ്യരുടെ, ഭാരതത്തിലെ അടിസ്ഥാന വർഗ്ഗത്തിന്റെ സ്വാതന്ത്ര്യത്തിന് വിഘാതമായി നില്ക്കുന്നത് ബാഹ്യശക്തികളല്ല എന്ന തരിച്ചറിവാണ് നമുക്കു ചുറ്റും നാം തീർക്കുന്ന പാരതന്ത്ര്യത്തിന്റെ ശക്തികളെ, ചൂഷകരെ, മതതീവ്രവാദികളെ, ലാഭക്കൊതിയരെയും സ്വാർത്ഥമോഹികളെയും തിരിച്ചറിഞ്ഞ്, ഉന്മൂലനം ചെയ്യുവാൻ നമുക്ക് ശക്തിപകരേണ്ടത്.

പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും ഭാരതാംബയുടെ 73-ാം സ്വാതന്ത്ര്യ ദിനത്തിന്റെയും ആശംസകൾ ഏറെ സ്നേഹത്തോടെ ഏവർക്കും ആശംസിക്കുന്നു.

**ഫാ. മൈക്കിൾ തോമസ്**
എഡിറ്റർ

## ARCHBISHOP'S DIARY, AUGUST 2019

| | | | |
|---|---|---|---|
| 01 | THU | 03.30pm | Seminary Visit |
| 03 | SAT | 10.30am | Ockhi Rehabilitation Project by KCBC, House a Gift |
| 04 | SUN | 07.00 am | PASTORAL VISIT, Thumba |
| 05 | MON to 09 FRI | | **KCBC Retreat**at POC |
| 10 | SAT to 13 TUE | | **CBCI Standing Committee Meeting,** Bangalore |
| 14 | WED | 03.30 pm | ***Priestly Ordination, St. Joseph's Cathedral,*** Palayam |
| 17 | SAT | 09.30 am | Confirmation, Poothurai |
| | | 05.30 pm | Community Hall Blessing & Holy Mass, Thundathil |
| 18 | SUN | 07.30 am | PASTORAL VISIT, KOCHUVELI |
| 18 | SUN to 23 FRI | | **Priests' Retreat** (First Group) |
| 24 | SAT | 09.00 am | KRLCC Executive Meeting, Ernakulam |
| 25 | SUN | 05.30 pm | PASTORAL VISIT, PARUTHIYOOR |
| 25 | SUN to 30 FRI | | **Priests' Retreat**(Second Group) |
| 27 | TUE | 10.30 am | Silver Jubilee, Missionaries of Charity, Kochuthura |

**Fr. Shynish Bosco**

Secretary to Archbishop

## AUXILIARY BISHOP'S DIARY, AUGUST 2019

| | | | |
|---|---|---|---|
| 01 | THU | 11.30 am | Holy Mass, Anugrahabhavan, Retreat for Family |
| 02 | FRI | 05.00 pm | Feast day Eucharistic Celebration, Pallipuram, Kottapuram |
| 03 | SAT | 10.30 am | BCC Animations & Co-ordinations Seminar. |
| | | 11.30am | Ockhi Rehabilitation Project by KCBC, House a Gift |
| 04 | SUN | 05.30 pm | Home Mission Conclusion, Christurajapuram |
| 05 | MON to 09 FRI | | **KCBC Retreat** at POC |
| 10 | SAT | 11.00 am | Marriage Blessing, Pangode |
| 11 | SUN | 08.00 am | KCYM – Study Camp on Seashore, Kochi |
| | | 05.00 pm | Home Mission Conclusion, Kulasekaram |
| 14 | WED | 03.30 pm | ***Priestly Ordination, St. Joseph's Cathedral,*** Palayam |
| 15 | THU | 05.30 pm | Feast day Eucharistic Celebration,Marianadu |
| 16 | FRI | 09.00 am | Feast day Eucharistic Celebration,Poothura |
| 17 | SAT | 10.00 am | Gnana Samiksha, Theology Programme, Aicuf Centre |
| 18 | SUN to 23 FRI | | **Priests' Retreat** (First Group) |
| 24 | SAT | 11.00 am | Marriage Blessing, Palayam |
| 25 | SUN to 30 FRI | | **Priests' Retreat** (Second Group) |
| 31 | SAT | 11.00 am | Marriage Blessing, Valiaveli |

**Fr. Shynish Bosco**
Secretary to Archbishop

# AUGUST - 2019

**A.POPE'S PRAYER INTENSION FOR THE MONTH**

**Families, Schools of Human Growth -** That families, through their life of prayer and love, become ever more clearly "schools of true human growth."

**B. BIRTHDAYS OF PRIESTS**

| | |
|---|---|
| 1. Rev. Fr. Joseph R. D'Silva | 01.08.1938 |
| 2. Rev. Fr. Ajin Albarnas IVDei | 01.08.1986 |
| 3. Rev. Fr. Gerard Silva | 05.08.1945 |
| 4. Rev. Fr. Antony Sony Panakkal IV Dei | 08.08.1978 |
| 5. Rev. Fr. Jofin Amarakkattu HGN | 09.08.1980 |
| 6. Rev. Fr.Johnyjackson.OCD | 11.08.1979 |
| 7. Rev. Fr. Ferdinand Franco SAC | 12.08.1984 |
| 8. Rev Fr. Varghese John Puthengadysdb | 12.08.1945 |
| 9. Rev.Fr. Stanislaus Theesmas | 13.08.1967 |
| 10. Rev.Fr. Prabin S.M. | 15.08.1986 |
| 11. Rev.Fr. Johnson Alexander | 17.08.1962 |
| 12. Rev.Fr. Immanuel Y | 17.08.1988 |
| 13. Rev.Fr. PonthempillyDevassy Paul SJ | 19.08.1963 |
| 14. Rev.Fr. Suresh D. Antony | 21.08.1967 |
| 15. Rev.Fr. Christudas Philip | 22. 08.1983 |
| 16. Rev.Fr. JibuJajin | 25.08.1978 |
| 17. Rev.Fr. Augustine Varickackal SAC | 25.08.1955 |
| 18. Rev.Fr. Lazer Benedict | 26.08.1966 |
| 19. Rev.Fr. Francis D'Silva | 28.08.1925 |
| 20. Rev.Fr. Jacob Stellus | 28.08.1980 |

## C.ORDINATION DAYS

1. Rev. Fr. Jibu J Jajin 22.08.2011
2. Rev. Fr. Judit Pious Lawrence 22.08.2011
3. Rev. Fr. Richard Sacharias 22.08.2011
4. Rev. Fr. Jerome Amirthayyan MCL 22.08.2012
5. Rev. Fr. Lawrence Lucas 22.08.2012
6. Rev. Fr. Santhosh Kumar Paniyadima 22.08.2012
7. Rev. Fr. Deepak Anto A.J 22.08.2016
8. Rev. Fr. Shynish Bosco 22.08.2016
9. Rev. Fr. Julius Savio K.M. 28.08.2017
10. Rev. Fr. Darvin Fernandez A. 28.08.2017

## D.DECEASED PRIESTS

1. Rev. Fr. Peter Puthenpurackal 02.08.1973
2. Rev. Fr. Michael Jackson 05.08.1952
3. Most Rev. Bishop A.B. Jacob Ofm Cap 13.08.1995
4. Rev. Fr. Joseph Gomez 13.08.2014
5. Rt. Rev. Msgr. Bernardine OCD 18.08.1944
6. Very Rev. Fr. Ignatius Francis Louis 21.08.2008
7. Rev. Fr. Simon John 27.08.1991
8. Rev. Fr. Stephen G. 27.08.2010
9. Rev. Fr. Michael John 30.08.1965
10. Rt. Rev. Msgr. John N. Fernandez 30.08.1984
11. Rev. Msgr. John D Bosco 30.08.2014

## E.PERPETUAL DAY ADORATION

1. Sacred Heart Convent, Anjengo 05.08.2019
2. St. Thomas Forane Church, Thoothoor 11.08.2019

| | |
|---|---|
| 3. Assumption Church, Thycaud | 22.08.2019 |
| 4. Our Lady of Sorrows Convent, Poonthura | 31.08.2019 |

**F.ORDINATION TO PRIESTHOOD, DIOCONATE**

***(14.08.2019 – 3.30pm - at. St. Joseph's metropolitan cathedral, Palayam)***

Two deacons of our archdiocese namely **Deacon Ajith Antony** (from St. Mathew's Church, SouthKollemcode who has completed his Licentiate studies in Biblical Theology from Pontificio Collegio Urbano de Propaganda Fide, Rome) and **Deacon Jim Carvin** (from St. Mary's Church, Vallavilai who completed his Seminary Formation from Pontificio Collegio Internazionale, Maria Mater Ecclesiae,Rome) are receiving the Order of Priesthood; and Bro.**Taison Titus** (from St. Sebastian Parish, Moongode who completed his Seminary Formation from Rolduc Seminary, Netherlands) receives the Order of Diaconate on Wednesday 14$^{th}$ August, 2019 at 3.30 pm at St. Joseph's Metropolitan Cathedral, Palayam. All Christian faithful are invited to pray for the *Ordinandi*. Prayerful wishes to the newly ordained. Our hearty congratulations and prayerful wishes to your priestly / future ministry.

**G. APPOINTMENTS & RELIEVING ORDERS**

1. Rev. Fr. Jacob Stellus - appointed Executive Secretary, Commission for Children, with effect from 17$^{th}$ June 2019.

2. Rev. Fr. Theodacious A. D'cruz appointed Director, Ministry For Laitywith effect from 17$^{th}$ June 2019.

3. Very Rev. Fr. Christal Rozario M.A, MSc – Re-appointed Rector, St. Vincent's Seminary, Karamoodu, with effect from 22nd May 2019.

4. Rev. Dr. Laurence Culas - Re-appointed Director, Pastoral Ministry, with effect from 23nd May 2019.

**H. RETREAT FOR ARCHDIOCESESAN PRIESTS - 2019**

This year the Annual Retreat will be held at Animation Centre, Kottiyam, in **two batches**. First batch begins on Sunday August 18, 2019, 08:30 pm and ends on Friday August 23, 2019, 01:00 pm. Second batch begins on Sunday August 25, 2019, 08:30 pm and ends on Friday August 30, 2019, 01:00 pm. The Retreat is preached by. **Rev. Fr. Jose Mariadas OIC.**Archbishop requests the people of God to pray for the success of the retreat.

**I. AUGUST 15 – DAY OF OBLIGATION**

In accordance with the prescriptions of CIC Canon 1246, the C.C.B.I. decrees Assumption of our Lady as a Day of Obligation (Approved at Kottayam, 1988); therefore all Christian faithful in the archdiocese may observe August 15 as day of Obligation.

**Rev. Dr. Edison Y.M.**
Chancellor

## Metropolitan Tribunal
## July-2019

Number of Cases at the beginning of 2019 July - 240
Received Cases in the Month of July - 008

Total = 248

Decreed Case - 08

Balance Cases = 248-08= 240

***Decreed Cases : 08***

1. Case No: MTLAT/92/2016 between Xavier Edison and Deepthi
2. Case No: MTLAT/70/2018 between Mathias Justin and Sherin
3. Case No: MTLAT/07/2017 between Mary Fathima and Rajan Jobay
4. Case No: MTLAT/48/2017 & 02/2019 between Gilbert and Fathima
5. Case No: MTLAT/90/2017 between Sujitha Michael and Vimal Kumar
6. Case No: MTLAT/54/2018 & 35/2019 between Shibu and Menal Kumar

**Fr. Jose G.**
Judicial Vicar

**Fr. Paul G.**
Notary

# ബിസിസി

## രൂപതാതലം

**1. ഫെറോന അനിമേറ്റർമാരുടെ യോഗം:** ജൂലൈ 17-ാം തീയതി ഫെറോന ആനിമേറ്റർമാരുടെ യോഗം കൂടി. ആനിമേറ്റർമാരുടെ ഉത്തരവാദിത്വം ഫലവത്തായും കാര്യക്ഷമമായും ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ആനിമേറ്റർമാരും തങ്ങളുടെ ഫെറോനയിലെ ഇട വകകളിൽ ബി.സി.സി. ഭാരവാഹികളുടെ യോഗത്തിൽ പങ്കെടു ത്തുകൊണ്ട് യൂണിറ്റ് യോഗങ്ങൾ ആകർകമാക്കുവാനും പങ്കാളിത്തം മെച്ചപ്പെടുത്തുവാനും ഉതകുന്ന രീതിയിൽ ബി.സി.സി. ഭാരവാഹി കൾക്ക് പഠനക്ലാസ്സ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

**2. ഫെറോന വൈദീക കോർഡിനേറ്റർമാരുടെ യോഗം:** ജൂലൈ 24-ാം തീയതി അതിരൂപതാ കാര്യാലയത്തിൽ കൂടിയ ബി.സി.സി. ഫെറോന വൈദിക കോർഡിനേറ്റർമാരുടെ യോഗത്തിൽ കെ.ആർ.എൽ.സി.സി. ബി.സി.സി. കമ്മിഷന്റെ നേതൃത്വത്തിൽ നൽകിയ "ബി.സി.സി. ആനിമേഷൻ" എന്ന വിഷയത്തെ ആസ്പ ദമാക്കിയുള്ള പഠനശിബിരം ഫെറോനതലത്തിലും ഫെറോന ബി. സി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ഫെറോനയിലെ ഇടവകക ളിലും നടത്തുവാൻ തീരുമാനിച്ചു.

* വികേന്ദ്രീകൃത ശുശ്രൂഷാ പ്രവർത്തനങ്ങളുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് അതിരൂപതാ ബി.സി.സി. സമിതിയും ഫെറോന ബി.സി.സി. സമിതിയും ഇടവക സന്ദർശിച്ച് ബി.സി. സി. ഭാരവാഹികളുടെ യോഗത്തിലും യൂണിറ്റ് യോഗങ്ങളിലും പങ്കെടുത്ത് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്ന് തീരുമാനിച്ചു.

**3. ഇടവക ബി.സി.സി. ആനിമേറ്റർമാരുടെയും കോർഡിനേറ്റർമാ രുടെയും അതിരൂപതാതല സംഗമം:** ഇടവക ബി.സി.സി. അനി മേറ്റർമാരുടെയും കോർഡിനേറ്റർമാരുടെയും അതിരൂപതാതല പഠ നകളരി ആഗസ്റ്റ് 3-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിമു തൽ ഉച്ചക്ക് 4 മണിവരെ വെള്ളയമ്പലം ആനിമേഷൻസെന്ററിൽ വച്ച് കൂടുന്നു. പ്രസ്തുത സെമിനാറിൽ എല്ലാ ഇടവകകളിലേയും സിസ്റ്റർ ആനിമേറ്റർമാരും കോർഡിനേറ്റർമാരും പങ്കെടുക്കേണ്ടതാ കുന്നു.

**4. കൊച്ചുവേളി ഹോം മിഷൻ:** ജൂൺ 23 മുതൽ ജൂലൈ 14 വരെ കൊച്ചുവേളി ഇടവകയിൽ ഹോം മിഷൻ നടത്തി. അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ഉത്ഘാടനം ചെയ്ത ഹോം മിഷന്റെ രണ്ടാം ഘട്ടപ്രവർത്തനങ്ങൾക്ക് അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സൂസ

പാക്യം മെത്രാപ്പൊലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച സമൂഹദിവ്യബലിയോടെ സമാപനം കുറിച്ചു. ഹോംമിഷന്റെ ഭാഗമായി കോർഡിനേറ്റർ ഫാ. മൈക്കൾ തോമസിന്റെ നേതൃത്വത്തിൽ ബി.സി.സി. ഭാരവാഹികൾക്കും എല്ലാ ശുശ്രൂഷാസമിതി അംഗങ്ങൾക്കും മതബോധന അധ്യാപകർ, യുവജനങ്ങൾ എന്നിവർക്കും പ്രത്യേക പഠനക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി.

## ഫെറോനതലം

### അഞ്ചുതെങ്ങ് ഫെറോന

ജൂലൈ 14-ാം തീയതി വിവിധ ശുശ്രൂഷ സമിതികളുടെ സംയുക്തയോഗം ഫെറോന സെന്ററിൽ ബഹു. ജോസഫ് ബാസ്ക്കരൻ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി.

ബിസിസി കമ്മിഷൻ ബഹു.ബിജിൻ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. മീറ്റിംഗിൽ കോർഡിനേറ്റർമാർ, അവർ തങ്ങളുടെ ഇടവക റിപ്പോർട്ട് അവതരിപ്പിക്കുകയും, പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തതിനുശേഷം ഈ വർഷം ലോഗോസ് ക്വിസിൽ യൂണിറ്റിലെ അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനെക്കുറിച്ചും, ലീഡേഴ്സ് മീറ്റിംഗ് കൂടുന്നതിനെക്കുറിച്ചും ചർച്ചകൾ നടത്തി.

### പുതുക്കുറിച്ചി ഫെറോന

ബിസിസി എക്സിക്യൂട്ടീവ് മീറ്റിംഗ് 7-7-2019 ഞായറാഴ്ച മരിയനാട് പള്ളിയിൽ വച്ച് പുതുതായി ചാർജ്ജ് ഏറ്റെടുത്ത ബഹുമാനപ്പെട്ട ജറാൾഡ് അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഈ മാസത്തെ പ്ലാൻ ആന്റ് ബഡ്ജറ്റ് പ്രകാരമുള്ള ഫെറോനതല ലോഗോസ് ക്വിസിനെ കുറിച്ച് ചർച്ച ചെയ്യുകയും 14-7-2019-ൽ പുത്തൻതോപ്പിൽവച്ച് നടന്ന ബിസിസി ജനറൽ ബോഡിയിൽ പാസാക്കുകയും ചെയ്തു. ലോഗോസ് പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കുവാനായി വിവിധ കോൺവെന്റുകളിലെ 4 സിസ്റ്റേഴ്സിനെ ചുമതലപ്പെടുത്തി.

എല്ലാ ഇടവകകളിലും ബിസിസി കുടുംബകൂട്ടായ്മ മുടക്കമില്ലാതെ നടന്നു. പള്ളിത്തുറ, സെന്റ് ഡൊമിനിക് ഇടവകകളിൽ തിരുനാളിനോടനുബന്ധിച്ചുള്ള അടിയന്തിര ജനറൽബോഡി കൂടിയതിനാൽ ഫെറോന ജനറൽബോഡിയിൽ അവരുടെ പ്രാതിനിധ്യം ഇല്ലായിരുന്നു. പുതുക്കുറിച്ചി ഇടവക ബിസിസി ലീഡേഴ്സിന്റെ നേതൃത്വത്തിൽ പുനർനിർമ്മാണം നടക്കുന്ന ദേവാലയത്തിലേക്കാ

വശ്യമായ ഫർണ്ണിച്ചവർ വാങ്ങുന്നതിനുള്ള ധനസമാഹരണം ആരംഭിച്ചു. കൂടാതെ യൂണിറ്റുകളിലെ 5 രോഗികളെ സന്ദർശിച്ച് അവർക്ക് സാമ്പത്തിക സഹായം നല്കി. വെട്ടുതുറ, തുമ്പ, ഫാത്തിമാപുരം ഇടവകകളിൽ റിസോഴ്സ് ടീം യൂണിറ്റ് സന്ദർശനം നടത്തി.

**പേട്ട ഫെറോന**

ജൂലൈ 7-ാം തീയതി ഞായറാഴ്ച വൈകുന്നേരം ശ്രീകാര്യം പാരീഷ് ഹാളിൽ വച്ച് പേട്ട ഫെറോനവികാരി ഫാ.പങ്ക്രേഷ്യസ്, ഫാ.ആൽബർട്ട് എന്നിവരുടെ സാന്നിദ്ധ്യത്തിൽ പേട്ട ഫെറോന ബിസിസി സമിതിയുടെ ആഭിമുഖ്യത്തിലും എല്ലാ ബിസിസി ലീഡർമാർക്കു (പുരുഷലീഡർ, സ്ത്രീലീഡർ, സെക്രട്ടറി, ഖജാൻജി) ബിസിസി മാനേജ്മെന്റ് എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ റിസോഴ്സ് ടീം ഫാ. സുരേഷ്, ശ്രീമാൻ ഫെഡറിക് എന്നിവർ ക്ലാസ് നല്കി. എല്ലാ ഇടവകയുടെയും പങ്കാളിത്വം ഉണ്ടായിരുന്നു. ബിസിസി കോർഡിനേറ്റേഴ്സിന്റെ പ്രതിമാസയോഗം ഫെറോനാസെന്ററിൽ വച്ച് ഫെറോനവികാരി ഫാ. പങ്ക്രേഷ്യസിന്റെ നേതൃത്വത്തിൽ 20-7-2019 വൈകുന്നേരം 5 മണിക്ക് കൂടുകയുണ്ടായി.

**കഴക്കൂട്ടം ഫെറോന**

ജൂലായ് 2-ാം തീയതി പുതിയ ഫെറോന വികാരി ഫാ. തോമസ് നെറ്റോയുടെയും, വൈദിക സെക്രട്ടറി ഫാ.റെക്സ് മൊറായിസിന്റെയും നേതൃത്വത്തിൽ ഫെറോന ആനിമേറ്റർമാരുടെ യോഗം നടന്നു. ഫെറോനയിലെ ബിസിസി ശുശ്രൂഷസമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. ആനിമേറ്റർമാരുടെ ഇടവക, ഫെറോന, രൂപതാതല പ്രവർത്തനങ്ങളെക്കുറിച്ചു ഫെറോനവികാരി വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ഫെറോനയിലെ വൈദിക കൂട്ടായ്മ തീരുമാനമനുസരിച്ച് ആഗസ്റ്റ് 4-ന് ഫെറോന കൗൺസിൽ വിളിച്ചുകൂട്ടുന്ന കാര്യവും, പ്രസ്തുത കൗൺസിൽ യോഗത്തിൽ 4 മാസത്തെ (ഏപ്രിൽ -ജൂലായ്) ബിസിസിയുടെയും ശുശ്രൂഷസമിതിയുടെ ഇടവക, ഫെറോനാതല പ്ലാനും ബഡ്ജറ്റും അനുസരിച്ചു നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ടവതരണവും, വിലയിരുത്തലും ഉണ്ടാകും.

ഫാത്തിമമാതാ കഴക്കൂട്ടം, മുരുക്കുംപുഴ, തുണ്ടത്തിൽ ഇടവകകളിൽ ജനറൽബോഡി യോഗങ്ങൾ നടന്നു. ഫെറോനയിലെ എല്ലാ ഇടവകകളിലും സബ്സ്റ്റേഷനുകളിലും യൂണിറ്റ് യോഗങ്ങൾ

നടന്നു. ഫാത്തിമമാതാ കഴക്കൂട്ടം ഇടവകയിൽ 10, +2 പരീക്ഷയിൽ 80% ത്തിലധികം മാർക്കും 60 ശതമാനത്തിലധികം മതബോധന ക്ലാസിൽ ഹാജരും ഉള്ള വിദ്യാർത്ഥികളെ ഇടവക ആദരിക്കുകയും ക്യാഷ് അവാർഡ് നല്കുകയും ചെയ്തു.

### പാളയം ഫെറോന

ബിസിസി കമ്മിഷൻ യോഗം 6-ാം തീയതി വൈദീക കോർഡിനേറ്റർ റവ.ഫാ.സുരേഷ് പയസിന്റെ അദ്ധ്യക്ഷതയിൽ കൂടി. ഇടവക ലീഡേഴ്സ് യോഗം എല്ലാ മാസവും മുടങ്ങാതെ കൂടുന്ന തിനും യൂണിറ്റുയോഗങ്ങളുടെ റിപ്പോർച്ച് തയ്യാറാക്കുന്നതിനും അതു ക്രോഡീകരിച്ചു ഇടവക റിപ്പോർട്ടായി അവതരിപ്പിക്കാൻ തീരുമാ നിച്ചു. അതിനുള്ള ഫോം വിതരണം ചെയ്തു. ഇടവക ജന റൽബോഡി യോഗം സന്ദർശിക്കുന്നതിന് അഞ്ചു പേരടങ്ങുന്ന ഒരു ടീമിനു രൂപം കൊടുത്തു. സെപ്തംബർ മുതൽ സന്ദർശനം തുട ങ്ങുന്നു. യുവജനങ്ങളെ ഇടവകയും യൂണിറ്റുമായി ബന്ധിപ്പിക്കു ന്നതിന് പരിശ്രമം ഉണ്ടാകണം എന്ന് നിർദ്ദേശിച്ചു. 14 ഇടവകക ളിൽ നിന്ന് പങ്കാളിത്തം ഉണ്ടായിരുന്നു.

### കോവളം ഫെറോന

ബിസിസി കമ്മീഷന്റെ ജൂലൈ മാസത്തെ യോഗം 23-6 -2019-ന് ആഴാകുളം ഫെറോന ഓഫീസിൽ വച്ച് നടന്നു. പ്രസ്തുത യോഗത്തിൽ പുതിയ ഫെറോന പ്രീസ്റ്റ് കോർഡിനേറ്റർ ആയ ബഹു മാനപ്പെട്ട റോഷൻ അച്ചനെ സ്വാഗതം ചെയ്തു. 10 ഇടവകകളിൽ നിന്ന് പ്രാതിനിധ്യം ഉണ്ടായിരുന്നു. മുന്നോട്ടുള്ള പ്രവർത്തനങ്ങ ളിൽ ബിസിസി യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കാനും വിലയിരു ത്താനും വേണ്ടി ഫെറോന ടീം 14 പള്ളികളിലെയും യൂണിറ്റുകൾ സന്ദർശിക്കാൻ തീരുമാനിച്ചു. ബിസിസി ശാക്തീകരണത്തിന്റെ ഭാഗ മായി ഇടവകയിലെ കോർഡിനേറ്റേഴ്സ്, റിസോഴ്സ് ടീം, സിസ്റ്റർ ആനിമേറ്റർ എന്നിവർക്ക് ഒരു ഓറിയന്റേഷൻ ട്രെയിനിംഗ് 30-6 -2019-ന് ഫെറോന ഓഫീസിൽ വച്ച് രൂപതാ കോർഡിനേറ്റർ ബഹു മാനപ്പെട്ട മൈക്കിൾ തോമസ് അച്ചന്റെ നേതൃത്വത്തിൽ നടത്തി. അതിൽ 80 അംഗങ്ങൾ പങ്കെടുത്തു. കാക്കാമൂല, പാലപ്പൂർ എന്നീ ഇടവകകളിൽ 2 യൂണിറ്റുകളുടെ വാർഷികത്തിൽ ഫെറോന ആനി മേറ്റർ പങ്കെടുത്തു. കാക്കാമൂല, വവ്വാമൂല എന്നീ പള്ളികളിലെ 3 ബിസിസി യൂണിറ്റിലും ആനിമേറ്റർ പങ്കെടുത്തു.

**പുല്ലുവിള ഫെറോന**

ഫെറോന കമ്മീഷൻ യോഗം 13-7-19 ശനിയാഴ്ച കോർഡിനേറ്ററുടെ അഭാവത്തിൽ വികാരി ഫാ.ബീഡ് മനോജിന്റെ അദ്ധ്യക്ഷതയിൽ നമ്പ്യാതി ഇടവകയിൽ കൂടി. 11 ഇടവകകൾ പങ്കെടുത്തു, കൊല്ലങ്കോട് ഇടവകയിൽ ലീഡർമാരുടെ യോഗം കൂടി, യൂണിറ്റുകളെ ശക്തിപ്പെടുത്തി കൂട്ടായ്മയിൽ വളരുവാൻ സഹായിക്കുന്ന നിർദ്ദേശങ്ങൾ ഫെറോന ആനിമേറ്റർ നല്കി. എല്ലാ മാസവും ലീഡർമാരുടെ യോഗം കൂടുന്നതിനും ഒരു സെക്രട്ടറിയെ തെരഞ്ഞെടുക്കുന്നതിനും തീരുമാനിച്ചു. ഫെറോന തലത്തിൽ നടത്തിയ പഠന ക്ലാസ്സിൽ പങ്കാളിത്തം കുറവായിരുന്നു എന്ന് വിലയിരുത്തി.

**ഇടവകതലം**

**അഞ്ചുതെങ്ങ് ഫെറോന**

അഞ്ചുതെങ്ങ്: ബിസിസി യൂണിറ്റും, കുട്ടികളുടെ ബിസിസിയും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. കുടുംബയൂണിറ്റിൽ സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം ഉണ്ട്.

**അരയതുരുത്തി:** ബിസിസി കുടുംബയോഗത്തിൽ നല്ലൊരു പങ്കാളിത്തത്തോടെ ബിസിസി കൂട്ടായ്മ കൂടുന്നു. ഫാത്തിമ കോൺവെന്റിലെ സിസ്റ്റേഴ്സിന്റെ പങ്കാളിത്വം സജീവമാണ്.

**ചമ്പാവ്:** ഇടവകയിലെ 10 യൂണിറ്റും, എല്ലാ മാസവും ബിസിസി പ്രാർത്ഥന നടത്തി വരുന്നു. ഇടവകവികാരി ബഹു.ബിജിൻ അച്ചന്റെ സാന്നിദ്ധ്യവും ഉപദേശങ്ങളും യൂണിറ്റിന്റെ വളർച്ചയെ സഹായിക്കുന്നു. ജൂലൈ 21-ാം തീയതി കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് 10 ബിസിസി യൂണിറ്റിന്റെ വാർഷികവും ആഘോഷിച്ചു.

**മാമ്പള്ളി:** കോർഡിനേറ്റർ ശ്രീമതി റീനയുടെ നേതൃത്വത്തിൽ ബിസിസി കൂട്ടായ്മ മുന്നൊരുക്കത്തോടെ കൂടുകയും, സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ജൂലൈ 13-ാം തീയതി ജനറൽബോഡി കൂടി. 5-ാം യൂണിറ്റ് കടപ്പുറം വൃത്തിയാക്കാൻ തീരുമാനിച്ചു.

**മുങ്ങോട്:** കോർഡിനേറ്റർ ശ്രീമതി എമില ജോൺസന്റേയും സിസ്റ്റർ മേരിയുടെയും, സിസ്റ്റർ പ്രീതയുടെയും നേതൃത്വത്തിൽ ബിസിസി പ്രാർത്ഥനകൾ നല്ല രീതിയിൽ നടക്കുന്നു. പ്രാർത്ഥനയ്ക്ക് ബൈബിൾ കൊണ്ടുവരേണ്ടതിന്റെ ആവശ്യകതക്ക് ഊന്നൽ നല്കി.

2019-ലെ ലോഗോസ് ക്വിസിൽ 90 പേർ രജിസ്റ്റർ ചെയ്തു.

**പൂത്തുറ:** എല്ലാ ശനിയാഴ്ചയും ബിസിസി കൂട്ടായ്മ കൂടുന്നു. ക്ലൂണി സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം പ്രാർത്ഥനാ കൂട്ടായ്മ കൂടുതൽ മെച്ച പ്പെട്ടതാക്കുന്നു. പത്താം യൂണിറ്റിന്റെ പ്രാർത്ഥനായോഗത്തിൽ ബിസിസി ആനിമേറ്റർ സി.ജനറ്റ് പങ്കെടുത്തു.

**താഴംപള്ളി:** കോർഡിനേറ്റർ ശ്രീമതി ബിനു ബിസിസിയിൽ പങ്കെ ടുത്ത് യൂണിറ്റുകളെ നല്ല രീതിയിൽ നയിക്കുന്നു. ആനിമേറ്റർ സി. ജനറ്റ് വചനവിചിന്തനം നടത്തി.

ജൂലൈ 19-ാം തീയതി തിരുനാളിനോടനുബന്ധിച്ച് ബിസിസി വാർഷികം ആഘോഷിച്ചു.

**വെന്നികോട്:** ജൂലൈ 7-ാം തീയതി ലീഡേഴ്സ് മീറ്റിംഗ് കൂടി. ഇട വകയിലെ 8 യൂണിറ്റുകളും സജീവമായി പ്രവർത്തിക്കുന്നു. ഇടവ കവികാരി ജീസനച്ചന്റെയും, ക്യൂൻ ഓഫ് എയ്ഞ്ചൽ കോൺവെന്റിലെ സിസ്റ്റേഴ്സിന്റേയും സാന്നിദ്ധ്യം യൂണിറ്റുകൾക്ക് ഉന്മേഷമേകുന്നു.

**വർക്കല:** ജൂലൈ 7-ാം തീയതി ജനറൽ ബോഡി കൂടി. സെന്റ് ജെയിംസിന്റെ തിരുന്നാൾ ആഘോഷത്തെകുറിച്ച് ചർച്ച ചെയ്ത് കാര്യങ്ങൾ തീരുമാനിച്ചു.

**ആറ്റിങ്ങൽ:** കോർഡിനേറ്റർ ശ്രീമാൻ ചാൾസിന്റെ നേതൃത്വത്തിൽ ബിസിസി കൂട്ടായ്മകൾ സജീവമായി പ്രവർത്തിക്കുന്നു. പുതുതായി വികാരിസ്ഥാനം ഏറ്റെടുത്ത ബഹു. വിൽഫ്രഡ് അച്ചൻ ശുശ്രൂഷ സമിതികളുടെ പ്രവർത്തനം സജീവമാക്കാൻ ശ്രമിക്കുന്നു.

### പേട്ട ഫൊറോന

**പേട്ട:** ഇടവകയിലെ ബിസിസി ജനറൽബോഡിയോഗം 7-7-2019-ൽ കൂടുകയുണ്ടായി. ഇടവകതിരുനാൾ, കേന്ദ്രഗവൺമെന്റ് പദ്ധതിയായ 'സ്വദേശിദർശൻ' എന്നിവ മുഖ്യ ചർച്ചാവിഷയമായിരുന്നു. ജൂലൈ 26-വി.അന്നാമ്മയുടെ തിരുനാൾദിനം ഗ്രാന്റ് പാരന്റ്സ് ദിനായി ആചരിക്കാൻ തീരുമാനിച്ചു. ആറ് ശുശ്രൂഷാസമിതികൾ അവരുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

**കുമാരപുരം:** ബിസിസി യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലവും കാര്യക്ഷമവുമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ പുനക്രമീകരണം നടത്തി. ആറു യൂണിറ്റുകളെ വിഭജിച്ച് 8 യൂണിറ്റുകൾക്ക് രൂപം നല്കി. നിർദ്ധനരായ രോഗികൾ താമസി ക്കുന്ന ആശ്രയ ഭവൻ അതിന്റെ അറ്റകുറ്റ പണികൾ നടത്തി.

**പോങ്ങുംമൂട്:** 14-7-2019 തീയതികളിൽ ജനറൽബോഡി യോഗം നടന്നു. "കേരള നവോത്ഥാനത്തിൽ ക്രിസ്ത്യൻ മിഷനറിമാർ നല്കിയിട്ടുള്ള സംഭാവനകൾ" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നടത്തി. മേനംകുളത്തുള്ള കുട്ടികളുടെ അനാഥാലയം സന്ദർശിച്ചു ധനസഹായം നൽകി. നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ നല്കി.

"എന്റെ ദശാംശം എന്റെ ദൈവത്തിന്" എന്ന പദ്ധതി പ്രകാരം മതബോധന വിദ്യാർത്ഥികൾ സ്വരൂപിച്ച തുക ബിസിസിയും കുടുംബശുശ്രൂഷയുമായി ചേർന്നുകൊണ്ട് ക്യാൻസർ രോഗത്താൽ കഷ്ടപ്പെടുന്നവർക്കായി നല്കി.

**കുന്നുംപുറം:** നാല് ബിസിസി കളും കൃത്യമായി നടന്നു. 7-7-2019-ൽ ഫെറോനതലത്തിൽ നടന്ന സെമിനാറിൽ 12 ബിസിസി അംഗങ്ങളിൽ നിന്നും 8 അംഗങ്ങൾ പങ്കെടുത്തു.

**പുല്ലുകാട്:** ഫാ.ആൽബർട്ട് യുവജനങ്ങളുടെ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കാനും, കെസിവൈഎം ന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനുതകുന്ന സന്ദേശം നല്കി. ചർച്ചയിൽ പ്രധാനമായും ആഗസ്റ്റ് 15 മാതാവിന്റെ സ്വർഗാരോപണതിരുനാൾ ആഘോഷിക്കുന്നതിനെക്കുറിച്ചും അന്നേ ദിവസത്തെ ദിവ്യബലിക്ക് കെസിവൈഎം നേതൃത്വം നല്കാനും ചർച്ച ചെയ്തു. ബൈബിൾ ഇല്ലാത്ത ഒരു കുടുംബത്തെ കണ്ടെത്തി ബൈബിൾ നല്കി.

**മൺവിള:** ഭാരതത്തിന്റെ അപ്പോസ്തലനായ വി.തോമസ് അപ്പോസ്തലന്റെ നാമധേയത്തിലുള്ള ബിസിസി യൂണിറ്റിന്റെ വാർഷികം ആഘോഷിച്ചു. അതിൽ വികാരിയച്ചൻ സന്ദേശം നല്കി. കുഞ്ഞുങ്ങളുടെ കലാപരിപാടികൾ ഉണ്ടായിരുന്നു.

**ശ്രീകാര്യം:** കൃത്യമായി എല്ലാ മാസവും 4 യൂണിറ്റിലും പ്രാർത്ഥനായോഗം നടത്തപ്പെടുന്നു. യൂണിറ്റിന്റെ പ്രാർത്ഥനായോഗത്തിൽ ജൂൺമാസം വികാരി അച്ചൻ പങ്കെടുത്തു. തിരുഹൃദയ വണക്കമാസമായ ജൂൺ മാസത്തിൽ വികാരി അച്ചൻ പങ്കെടുത്തു. ജൂലൈ മാസം 24-ാം തീയതി മുതൽ 28 വരെ സെന്റ് ക്രിസ്റ്റഫറിന്റെ തിരുനാൾ നടത്താൻ യൂണിറ്റുകളെ സജീവമായി ഒരുക്കുന്നു.

**വികാസ് നഗർ:** നാല് യൂണിറ്റുകളിലും പ്രതിമാസയോഗം നടത്തി.

### പാളയം ഫെറോന

**ക്രിസ്തുരാജപുരം:** സെന്റ് ജോർജ്ജ് യൂണിറ്റിന്റെ വാർഷികം എല്ലാ കുടുംബങ്ങളുടെയും പങ്കാളിത്തത്തോടെ നടന്നു. ഇടവകയുവജനങ്ങളുടെ നേതൃത്വത്തിൽ വികാരിയുമൊത്ത് ഇടവകജ

നങ്ങൾ വേളാങ്കണ്ണി തീർത്ഥയാത്ര നടത്തി. ക്രിസ്തുരാജപുരം, കുലശേഖരം എന്നീ ഇടവകകൾ ഹോം മിഷൻ പ്രവർത്തനത്തിനു വേണ്ടിയുള്ള ഒരുക്കങ്ങൾ ചെയ്തുവരുന്നു.

**മണക്കാട്:** എല്ലാ വീടുകളിലും തിരുഹൃദയപ്രതിഷ്ഠയും ഭവന ആശീർവാദവും നടത്തികൊണ്ടിരിക്കുന്നു.

**പാളയം:** സീനിയർ സിറ്റിസൺഫോറവും കുടുംബപ്രേക്ഷിതശുശ്രൂഷയും ചേർന്നു നടത്തിയ ഗ്രാന്റ് പേരന്റ്സ് സ്റ്റഡി ക്ലാസിനും 28-ാം തീയതി ദിവ്യബലിയും നടത്തപ്പെട്ടു.

**കോവളം ഫെറോന**

**കാരയ്ക്കാമണ്ഡപം:** ഇടവക മധ്യസ്ഥനായ അന്തോണീസ് പുണ്യാളന്റെ തിരുനാൾ എല്ലാ ബിസിസി യൂണിറ്റുകളുടെയും നേതൃത്വത്തിൽ ആഘോഷിച്ചു. പ്രധാന തിരുനാൾ ദിനത്തിൽ എസ്എസ്എൽസി, പ്ലസ്ടു പരീക്ഷയിൽ ഉന്നതം വിജയം നേടിയവരെ ആദരിച്ചു.

**വവ്വാമൂല:** എല്ലാ ആഴ്ചകളിലും കെസിവൈഎം അംഗങ്ങൾ ഓരോ ബിസിസി യൂണിറ്റിലും രോഗികളായിട്ടുള്ളവരുടെ ഭവനം സന്ദർശിച്ച് ജപമാലചൊല്ലി പ്രാർത്ഥിക്കുന്നു. ലീജിയൻ ഓഫ് മേരിയുടെ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിന് കഴിവില്ലാത്ത കുട്ടികളെ സഹായിക്കാൻ ബിസിസി യൂണിറ്റുകൾ തീരുമാനിച്ചു.

**പരുത്തിക്കുഴി:** എല്ലാ മാസാദ്യവെള്ളിയാഴ്ചകളിലും കിടപ്പുരോഗികൾക്ക് വി.കുർബാന വീട്ടിലെത്തിച്ചു കൊടുക്കുന്നു. എസ്എസ്എൽസി, പ്ലസ്ടു പാസായ കുട്ടികളെ ആദരിക്കാനും ആവശ്യമായ സാമ്പത്തിക സഹായം നല്കാനും തീരുമാനിച്ചു. അതുപോലെ കിടപ്പുരോഗികൾക്കും സാമ്പത്തിക സഹായം എത്തിക്കാൻ ബിസിസി യൂണിറ്റുകൾ തീരുമാനിച്ചു.

**കാക്കാമൂല:** സെന്റ് സെബാസ്റ്റ്യൻ യൂണിറ്റിലെ രോഗിയായ ഒരു സഹോദരിക്ക് യൂണിറ്റ് അംഗങ്ങൾ സാമ്പത്തിക സഹായം നല്കി. സെന്റ് ആന്റണീസ് യൂണിറ്റ് വാർഷികാഘോഷങ്ങൾ നടത്തി.

**നെല്ലിയോട്:** ബൈബിളും, ജപമാലയുമായി എല്ലാ അംഗങ്ങളും ബിസിസി പ്രാർത്ഥനകളിൽ പങ്കെടുക്കുന്നു. എല്ലാ ശുശ്രൂഷാസമിതികളും അവരുടെ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നു. രോഗികൾക്കുള്ള സഹായം, വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നല്കൽ എന്നിവ ബിസിസി യൂണിറ്റുകളുടെ നേതൃത്വത്തിൽ ചെയ്യുന്നു.

**ആഴാകുളം:** മാതൃദിനാചരണത്തിന്റെ ഭാഗമായി നിർധനരായ 12 അമ്മമാരെ തിരഞ്ഞെടുത്ത് അവർക്ക് സാരി നല്കി ആദരിച്ചു. സെന്റ് മാർക് ബിസിസി യൂണിറ്റിന്റെ നേതൃത്വത്തിൽ ഭവനം പുതുക്കി പണിയാനുള്ള സാമ്പത്തികസഹായം ആ യൂണിറ്റിലെ ഒരു കുടുംബത്തിന് നല്കാൻ തീരുമാനിച്ചു. ഓരോ ബിസിസി യൂണിറ്റും അവരുടെ യൂണിറ്റിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ സഹായിക്കാൻ തീരുമാനിച്ചു.

## പുല്ലുവിള ഫൊറോന

**കൊച്ചുതുറ:** ലീഡർമാരുടെയോഗത്തിൽ ആനിമേറ്റർ പങ്കെടുത്തു, തിരുനാൾ നടത്തിയതിൽ യൂണിറ്റുകളുടെ സഹകരണം, പങ്കാളിത്തം ഇവയെക്കുറിച്ചു വിലയിരുത്തി.
**കരിങ്കുളം:** ഇടവകയിൽ കുടുംബയൂണിറ്റുകൾ സജീവമായി പ്രവർത്തിക്കുന്നു, 3 യൂണിറ്റുകളിൽ ആനിമേറ്റർ പങ്കെടുത്തു.
**പുതിയതുറ:** ഇടവകയിൽ ലീഡർമാർക്കായി പഠന ക്ലാസ്സ് നടത്തി. രൂപത ബിസിസി ഡയറക്ടർ ക്ലാസ്സ് നയിച്ചു.
**ലൂർദ്ദുപുരം:** ഇടവകയിലെ എല്ലാ യൂണിറ്റുകളും സജീവമായി പ്രവർത്തിക്കുന്നു. ഇടവക പ്രവർത്തനങ്ങളുമായി സഹകരിക്കുകയും ദിവ്യബലിക്കു ക്രമീകരണം നടത്തുകയും ചെയ്യുന്നു.
**പുല്ലുവിള:** ജനറൽബോഡി കൂടി തിരുനാൾ നടത്തുന്നതിനെകുറിച്ചു ആലോചിച്ചു 2 യൂണിറ്റുകളിൽ റീഇലക്ഷൻ നടത്തി.
**അടിമലത്തുറ:** മൂന്നാമത്തെ ആഴ്ചയിൽ ലീഡർമാരുടെ യോഗം കൂടുന്നു. രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ചകളിൽ പൊതു സ്ഥലത്തുവച്ചു യൂണിറ്റുകൾ കൂടുന്നു.
**കൊച്ചുപള്ളി:** ദൈവാലയ ആശീർവാദത്തിനുമുമ്പ് നിർത്തി വച്ചിരുന്ന യൂണിറ്റുയോഗങ്ങൾ വീണ്ടും കൂടുവാൻ തുടങ്ങി. ആനിമേറ്റർ ഭവനങ്ങൾ സന്ദർശിക്കുന്നു.
**ചൊവ്വര:** ഇടവകയിൽ ആദ്യമായി ലീഡർമാരെയും ശുശ്രൂഷ കൺവീനർമാരെയും ചേർത്തു ജനറൽബോഡി യോഗം കൂടി. ഇടവകയിലെ 3 യൂണിറ്റുകളും കൃത്യമായി യോഗം കൂടുന്നു,

**റവ. ഫാ. മൈക്കിൾ തോമസ്**
അതിരൂപത ഡയറക്ടർ

# അജപാലനശുശ്രൂഷ

## ക്രിസ്തീയ വിശ്വാസ ജീവിതപരിശീലനം

### അഞ്ചുതെങ്ങ് ഫെറോന

ഫെറോന സമിതിയോഗം കോർഡിനേറ്റർ ബോസ്ക്കോ അച്ചന്റെ അദ്ധ്യക്ഷതയിൽ 14-ാം തീയതി നടന്നു. അധ്യാപകർക്കായി 13-ാം തീയതി അഡ്വാൻസ് ട്രെയിനിംഗ് പ്രോഗ്രാം നടന്നു ഉദ്ഘാടനം ഫെറോനവികാരി റവ.ഫാ.ജോസഫ് ബാസ്ക്കർ നിർവഹിച്ചു. “ആനന്ദിച്ച് ആഹ്ലാദിക്കുക” എന്ന പുസ്തകത്തെ ആസ്പദമാക്കിയും ആരാധനയെക്കുറിച്ചും അജപാലന ഡയറക്ടർ റവ.ഫാ. ലോറൻസ് കുലാസ് ക്ലാസ് നയിച്ചു. മതബോധന ലക്ഷ്യങ്ങൾ എന്ന വിഷയത്തിൽ ശ്രീ.ദേവസഹായം ക്ലാസ് നയിച്ചു. 103 അധ്യാപകർ പങ്കെടുത്തു. ജൂലൈ 28-ാം തീയതി ഫെറോന നിരീക്ഷണ സമിതി ചമ്പാവ് മതബോധനക്ലാസ്സ് സന്ദർശിച്ചു.

**വലിയതുറ:** അജപാലന എക്സിക്യൂട്ടീവ് സമിതി 24-ാം തീയതി കോർഡിനേറ്റർ ഫാ.ഡേവിഡ്സന്റെ അദ്ധ്യക്ഷതയിൽ കൂടി. 31-ാം തീയതി അജപാലന സമിതി കൺവീനർമാരുടെയും സെക്രട്ടറി എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ടു ഒരു ഏകദിന സെമിനാർ നടത്തുവാൻ തീരുമാനിച്ചു. മതബോധന എക്സിക്യൂട്ടീവ് യോഗം ജൂലൈ 10-ന് തോപ്പിൽ വച്ചു നടന്നു.

**പാളയം:** ഫെറോനതല സമിതിയും മതബോധന എക്സിക്യൂട്ടീവ് അംഗങ്ങളും സംയുക്തമായി റവ.ഫാ.ലൂസിയാൻ തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഫെറോനയിലെ ഇടവകകളെ മൂന്നു സോണുകളായി തിരിച്ചു പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമിതിയിൽ നിന്ന് മോണിറ്ററിംഗ് ടീമിനെ തെരഞ്ഞെടുത്തു.

**പേട്ട:** 21-ാം തീയതി അജപാലന സമിതിയോഗം നടന്നു. കഴിഞ്ഞ മൂന്നുമാസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി.

**കഴക്കൂട്ടം:** 21-ാം തീയതി ഫെറോനയുടെ നേതൃത്വത്തിൽ അജപാലന സമിതിയ്ക്ക് ദിവ്യബലിയും ഞാനും” എന്ന വിഷയത്തെകുറിച്ചു അജപാലന അതിരൂപതാ ഡയറക്ടർ റവ.ഫാ.ലോറൻസ്കുലാസ് ക്ലാസ് നയിച്ചു.

**കരിസ്മാറ്റിക്ക്:** 13-7-19-ൽ ഫെറോനതലത്തിൽ 9.30 മുതൽ 1.30 വരെ ഫാ.ഫെലിക്സ് അച്ചന്റെ നേതൃത്വത്തിൽ വചനപ്രഘോഷണം ദിവ്യബലി, ആരാധന എന്നിവ കാര്യവട്ടം ഇടവകയിൽ വച്ച് നടത്തി.
**തൂത്തൂർ:** 16-ാം തീയതി ഫെറോനതല എക്സിക്യൂട്ടീവ് യോഗം നടന്നു. വിശ്വാസസമൂഹത്തിൽ അജപാലന ശുശ്രൂഷ കൺവീൻമാരുടെ ഉത്തരവാദിത്വത്തെക്കുറിച്ചു ഫെറോന ശുശ്രൂഷ കോഡിനേറ്റർ ഫാ.ഡാർവിൻ ക്ലാസ് നയിച്ചു. 35 പേർ പങ്കെടുത്തു. 14-ാം തീയതി മതബോധന എക്സിക്യൂട്ടീവ് യോഗം നടന്നു. ഫെറോന നിരീക്ഷണ സമിതിയും അദ്ധ്യാപകർക്ക് സെമിനാറും നടത്തുവാൻ തീരുമാനിച്ചു. പൂത്തുറ ഇടവകയിൽ മതബോധന അധ്യാപകർക്കായി ക്ലാസ് നൽകി.
**പുതുക്കുറിച്ചി:** ഫെറോനസമിതി യോഗം 21-ാം തീയതി നടന്നു. തുമ്പ ഇടവകയിൽ മതബോധന വാർഷികം നടന്നു.
**കോവളം ഫെറോന:**

ജൂലൈ 7-ന് ഫെറോന ജനറൽബോഡി യോഗം കൂടി യോഗത്തിൽ അജപാലന ശുശ്രൂഷതല പ്രവർത്തനങ്ങളെക്കുറിച്ചുള്ള ലക്ഷ്യം, നേട്ടം എന്നിവയെക്കുറിച്ച് ബോധവൽക്കരണം നല്കി.

ജൂലൈ 14-ന് മതബോധന അധ്യാപകരുടെ എക്സിക്യൂട്ടീവ് യോഗം കൂടി. യോഗത്തിൽ ബൈബിൾ റാലി, ഇടവകതലത്തിൽ ലോഗോസ് ക്വിസ്സിനായുള്ള തയ്യാറെടുപ്പിന്റെ മുന്നോടിയായി ബൈബിൾ വായന, ബൈബിൾ ക്ലാസ്സ് എന്നിവ നല്കാൻ തീരുമാനിച്ചു.

പൂന്തുറ ഇടവകയിൽ ജീസ്സസ് യൂത്തിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി കൗൺസലിങ്ങ് നടത്തി. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന 7 വിദ്യാർത്ഥികൾക്ക് പ്രത്യേക ഗൈഡൻസ് നല്കി. മതബോധന അധ്യാപകരുടെ യോഗം ജൂലൈ 21-ന് നടന്നു.

**പുല്ലുവിള ഫെറോന:**

അജപാലന ശുശ്രൂഷാസമിതിയോഗം കോർഡിനേറ്ററുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. പ്രസ്തുതയോഗത്തിൽ ഇടവക/ ഫെറോനതല പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി.
**തുടർപ്രവർത്തനം:** 27-7-19-ൽ "സഭാ നിയമങ്ങളും, കൂദാശകളും"

എന്ന വിഷയത്തിന്മേൽ രണ്ടാമത്തെ ക്ലാസ്സ് സംഘടിപ്പിച്ചു. വിഷയം കൈകാര്യം ചെയ്തത് റവ.ഡോ. ഗ്ലാഡിൻ അലക്സ് . 28-7-19-ൽ പ്രതിമാസ ഫെറോന മതബോധനസമിതി യോഗം സംഘടിപ്പിച്ചു. ബൈബിൾ കലോൽസവം, പിറ്റിഎ രൂപീകരണം, നിരീക്ഷണസമിതി രൂപീകരണം, ലഹരി, ബൈക്ക് റൈസിംഗ്, അദ്ധ്യാപകരുടെ പരീക്ഷ ലോഗോസ്, അദ്ധ്യാപകസെമിനാർ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള ക്രമീകരണം നടത്തി.

**മതബോധന വിദ്യാർത്ഥികളുടെ ലീഡേഴ്സ് സെമിനാർ:**

13-7-19 ശനിയാഴ്ച 10 മണി മുതൽ 1 മണി വരെ ലീഡേഴ്സിനായി സെമിനാർ പുല്ലുവിള ഇടവകയിൽവച്ച് സംഘടിപ്പിച്ചു. “ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ അദ്ധ്യാപകർ” എന്ന വിഷയത്തിൽ മേലാണ് ക്ലാസ് സംഘടിപ്പിച്ചത്. പുല്ലുവിള ഫെറോനയിലെ വിവിധ ഇടവകകളിൽ നിന്നുമായി 235 വിദ്യാർത്ഥി പ്രതിനിധികൾ പങ്കെടുത്തു.

**റവ. ഫാ. ലോറൻസ് കുലാസ്**
അതിരൂപത ഡയറക്ടർ

# കുടുംബപ്രേഷിത ശുശ്രൂഷ

തിരുവനന്തപുരം അതിരൂപത

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ്**

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയുടെ കീഴിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന്റെ അഞ്ചാമത്തെ ബാച്ചും ഒരു വർഷം നീണ്ടുനിൽക്കുന്ന ഡിപ്ലോമ കൗൺസിലിംഗ് കോഴ്സിന്റെ ആദ്യ ബാച്ചും ജൂലൈ 27 ന് ആരംഭിച്ചു 20 പേർ പങ്കെടുക്കുന്ന ഈ ബാച്ചിൽ റവ. ഫാ. എ ആർ ജോൺ, റവ. ഫാ. കോസ്മോസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് കോഴ്സിന്റെ നാലാം ബാച്ചിന്റെ പരീക്ഷ ഓഗസ്റ്റ് മാസം 9, 10 തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 64 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ കുടുംബപ്രേഷിതശുശ്രൂഷ ഓഫീസിൽ പ്രവർത്തിച്ചു വരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**സാന്ത്വനം മംഗല്യം**

ഇതുവരെയായി 208 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 189 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 9 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 4 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**കരുണാമയൻ**

ആരും തനിച്ചല്ല എന്ന പ്രോജക്ടുവഴി 50 വ്യക്തികളെ

ഫെറോന ആനിമേറ്റേഴ്സ് ഭവനങ്ങളിൽ സന്ദർശിക്കുകയും ധനസഹായം നൽകുകയും ചെയ്തു.

**ബധിരരുടെയും മൂകരുടെയും സംഗമം**

30.06.19 ഞായറാഴ്ച തിരുവനന്തപുരം രൂപതയിലെ ബധിരർക്കും മൂകർക്കുമായി രാവിലെ വെട്ടുകാട്, മാദ്രെ ദദെ ദേവൂസ് ദൈവാലയത്തിൽ ആംഗ്യഭാഷയിൽ ദിവ്യബലി അർപ്പിച്ചു. അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ മുഖ്യകാർമ്മികത്വം വഹിച്ചു. ഫാ. ബിജു ലോറൻസ് ദിവ്യബലി ആംഗ്യ ഭാഷയിൽ തത്സമയം പരിഭാഷപ്പെടുത്തി. ഡോ. എ ആർ ജോൺ, ഫാ. ജോസഫ് ബാസ്റ്റിൻ, ഫാ. ജോസ് ദിലീപ് എന്നിവർ സഹകാർമ്മികരായിരുന്നു.

തുടർന്ന് നടന്ന കൂടിവരവിൽ ഫാ. ബിജു ലോറൻസ് ബധിരർക്കും മൂകർക്കും ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾക്കായി എന്തുചെയ്യണമെന്നു വിശദമാക്കി. അവരിൽ നിന്നും അവർക്കുവേണ്ടി എക്സിക്യുട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു.

വൈകുന്നേരം 4 മണിക്ക് നടന്ന സാംസ്ക്കാരിക സമ്മേളനത്തിൽ ശുശ്രൂഷ ഡയറക്ടർ ഡോ. എ ആർ ജോൺ, വെട്ടുകാട് ഇടവക വികാരി ഫാ. ജോസഫ് ബാസ്റ്റിൻ നവധ്വനി ഡയറക്ടർ ബിജു ലോറൻസ്, പ്രോലൈഫ് തിരുവനന്തപുരം മേഖല പ്രസിഡന്റ് ആന്റണി പത്രോസ്, എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ വച്ച് ബധിര -മൂകരിൽ വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചവരെ മന്ത്രി പൊന്നാട അണിയിച്ച് ആദരിച്ചു.

**ഹൃദയപൂർവ്വം . . .**

കുടുംബപ്രേഷിതശുശ്രൂഷ നടപ്പാക്കുന്ന വിവിധ ധനസഹായപദ്ധതിയിൽപ്പെടുത്തി 75 നിർധനയുവതികൾക്ക് വിവാഹ ധനസഹായവും, 50 ഓഖിദുരിത ബാധിതർക്ക് പെൻഷൻ ധനസഹായവും 05.07.2019 വിതരണം ചെയ്തു. അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷയുടെ കീഴിൽ നടപ്പാക്കുന്ന സാന്ത്വനം മംഗല്യം ധനസഹായ പദ്ധതിയിൽപ്പെടുത്തി 105 യുവതികൾക്കും, പ്രതിമാസം 1000 രൂപ പെൻഷൻ നൽകുന്ന കരുണാമയൻ പദ്ധതിയിൽപ്പെടുത്തി 160 പേർക്കും നൽകിയ ധനസഹായത്തിന് പുറമേയാണിത്.

ഇതോടനുബന്ധിച്ച് 05.07.2019 ഉച്ചകഴിഞ്ഞ് 3 ന് വെള്ളയ

മ്പലം പാരീഷ് ഹാളിൽ നടന്ന പൊതുസമ്മേളനം സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രി കെ. കെ. ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്തു. അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം അധ്യക്ഷത വഹിച്ച ചടങ്ങിൽ അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ്. ആർ അനുഗ്രഹപ്രഭാഷണം നടത്തി. വികാരി ജന റൽ മോൺ. ഡോ. സി. ജോസഫ്, അതിരൂപത ശുശ്രൂഷ കോർഡി നേറ്റർ ഡോ. മൈക്കിൾ തോമസ്, കുടുംബപ്രേഷിത ശുശ്രൂഷ ഡയ റക്ടർ ഡോ. എ ആർ ജോൺ, ജിം കാർവിൻ റോച്ച് എന്നിവർ പ്രസംഗിച്ചു.

**ഫെറോന ആനിമേറ്റേഴ്സ് യോഗയവും വേളന്റിയേഴ്സ് യോഗവും**

ഫെറോന ആനിമേറ്റേഴ്സിന്റെയും വോളന്റിയേഴ്സിന്റെയും സംയുക്തയോഗം 18.07.2019 ന് രാവിലെ 10.30 ന് സെന്റ് ജിയന്ന ഹാളിൽ വച്ച് കൂടുകയുണ്ടായി. സി. അനുവിന്റെ പ്രാരംഭപ്രാർത്ഥ നയോടുകൂടി യോഗം ആരംഭിച്ചു. ഡയറക്ടർ ഫാ. എ ആർ ജോൺ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

ഫെറോന ആനിമേറ്റേഴ്സ് തങ്ങളുടെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. ഓരോ ഫെറോനയിലെയും പ്രവർത്തന ങ്ങളെക്കുറിച്ച് കേട്ടതിനുശേഷം ബധിതരുടെയും മൂകരുടെയും കൂടി വരവും ഓരോ മാസവും നടത്തേണ്ടതിനെക്കുറിച്ചും അവർക്കു വേണ്ടി ചെയ്യേണ്ട പ്രവർത്തനങ്ങളായ വിദ്യാർത്ഥി കൂട്ടായ്മ (Students Forum), പെൻഷൻ ലഭിക്കാത്തവർക്ക് ലഭ്യമാക്കുക, ബധി രർക്കും മൂകർക്കും ലഭിക്കേണ്ട മെഡിക്കൽ ബോർഡിന്റെ സർട്ടിഫി ക്കറ്റ് ഇല്ലാത്തവർക്ക് ലഭ്യമാക്കുക (ഇതിനായി സി. വിനിതയെ ചുമ തലപ്പെടുത്തി)

കെ.ആർ.എൽ.സി.സി തലത്തിൽ കുടുംബ ശുശ്രൂഷ യ്ക്കായി ഓഗസ്റ്റ് 2, 3 തീയതികളിൽ നടത്തപ്പെടുന്ന റിസോഴ്സ് ടീം പരിശീലനത്തിൽ തിരുവനന്തപുരം അതിരൂപതയിൽ നിന്നും 18 പേർ പങ്കെടുക്കുന്നു. അതിനായി സി. തങ്കമ്മയെ ചുമതലപ്പെടു ത്തി.

ഏകസ്തരുടെ അജപാലനത്തിൽ കുറച്ചുകൂടെ ശ്രദ്ധ കേന്ദ്രീ കരിക്കേണ്ടതുണ്ടെന്നും രോഗികളായി കഴിയുന്നവരെ സന്ദർശിക്കു

കയും അവരുടെ ആവശ്യങ്ങൾ കണ്ടെത്തി സഹായിക്കുവാൻ പിതാവ് ആവശ്യപ്പെട്ടതായി ഫാ. ജോൺ പറഞ്ഞു. അതുകൊണ്ടു തന്നെ എല്ലാ ഏകസ്തരെയും ഒരിക്കൽ കൂടി സന്ദർശിക്കണമെന്ന് ആവശ്യപ്പെട്ടു. അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് അന്ധരുടെ അജപാലനവും അവരുടെ പേരുവിവരം കണ്ടെത്തുകയും അവരുടെ ആവശ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും വേണം എന്നും അച്ചൻ പറയുകയുണ്ടായി. തുടർന്ന് ഉച്ചഭക്ഷണത്തോടെ യോഗം സമാപിച്ചു

**ബധിരരുടെയും മൂകരുടെയും പ്രതിമാസ യോഗം**

ബധിരരുടെയും മൂകരുടെയും പ്രതിമാസയോഗം 18.07.19 ന് കൂടുകയുണ്ടായി. തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് അംഗങ്ങൾ സന്നിഹിതരായിരുന്നു. ബധിതരെയും മൂകരെയും ഫാ. ബിജു കുമ്പ സാരിപ്പിക്കുകയും ആംഗ്യഭാഷയിലുള്ള ദിവ്യബലി അർപ്പിക്കുകയും ചെയ്തു. തൂടർന്ന് ആനിമേറ്റേഴ്സിന്റെയും ബധിര മൂകരുടെയും സംയുക്ത മീറ്റിംഗ് കൂടുകയുണ്ടായി.

ആംഗ്യഭാഷയിൽ ദിവ്യബലിയുടെയും കുമ്പസാരത്തി ന്റെയും മതബോധനത്തിന്റെയും ആവശ്യം അവർ ഉന്നയിച്ചു. അതിന്റെ വെളിച്ചത്തിൽ എല്ലാ മാസത്തന്റെയും ആദ്യവെള്ളിയാഴ്ച ദിവ്യബലിയും ഒരുമണിക്കൂർ മതബോധനവും കൂടിവരവും നടത്താ മെന്നു തീരുമാനിച്ചു. ബധിരരുമായിട്ടുള്ളതിൽ വോക്കൽ ആയിട്ടു ള്ളവർക്കുള്ള സ്പീച്ച് തെറാപ്പിയെക്കുറിച്ചും, ഫെറോനതലത്തിൽ ബധിരരെയും മൂകരെയും കണ്ടെത്തുന്നതിനെക്കുറിച്ചും, അവർക്കു വേണ്ടിയുള്ള ആനിമേറ്റഴ്സിനെക്കുറിച്ചും, സ്ക്കിൽസ് ട്രയിനിംഗി നെക്കുറിച്ചും ചർച്ച ചെയ്തു.

മൂന്നര വയസ്സിനും ഏഴര വയസ്സിനും ഇടയ്ക്ക് പ്രോയമുള്ള കുട്ടികൾക്കായി സ്പീച്ച് തെറാപ്പി സൗജന്യമായി പഠിപ്പിക്കാമെന്ന് അഭിപ്രായപ്പെട്ടു. സ്ത്രീകൾക്കായുള്ള സ്വയംതൊഴിൽ പരിശീലനം ആഴ്ചയിലൊരിക്കൽ നൽകാമെന്ന് പേട്ട ഫെറോന ആനിമേറ്റർ സി. ബീന പറഞ്ഞു.

വലിയതുറ, കോവളം, പുല്ലുവിള തുടങ്ങിയ ഫെറോനക ളിൽ നിന്നും ബധിരർക്കും മൂകർക്കുംവേണ്ടിയുള്ള ആനിമേറ്റേ ഴ്സിനെ കണ്ടെത്തുകയുണ്ടായി.

**ഫെറോന തല പ്രവർത്തനങ്ങൾ**

**പുതുക്കുറിച്ചി ഫെറോന**

07.07.2019 ഞായറാഴ്ച പുതുക്കുറിച്ചി ഫെറോനയുടെ എക്സിക്യുട്ടീവ് യോഗവും 14.07.2019 ഞായറാഴ്ച ജനറൽബോഡി യോഗവും ഫാത്തിമപുരം ഇടവകയിൽ വച്ച് കൂടുകയുണ്ടായി. ഓരോ ഇടവകയിലെയും വിധവാഫോറം രൂപീകരിക്കുന്നതിനെക്കുറിച്ചും പ്ലാൻ & ബഡ്ജറ്റിനെക്കുറിച്ചും ചർച്ച ചെയ്തു. മീറ്റിംഗിൽ എല്ലാ ഇടവക കൺവീനർമാരും പങ്കെടുത്തു. ആഗസ്റ്റ് മുതൽ ഡിസംബർ വരെ വിവാഹജീവിത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളവർക്കും ഏകസ്തർക്കും ആത്മീയനിറവിന്റെ ധ്യാനരൂപരേഖ തയ്യാറാക്കി. പള്ളിത്തുറ ഇടവകയിലും ഫാത്തിമപുരം ഇടവകയിലും രൂപതാ പ്രതിനിധികളുടെ സാനിധ്യത്തിൽ വിധവാഫോറങ്ങൾ രൂപീകരിച്ചു.

വെട്ടുകാട് ദൈവാലയത്തിൽ വച്ച് നടന്ന മൂക ബധിര സംഗമത്തിൽ ഫെറോനയിൽ നിന്നും 15 വ്യക്തികളെ പങ്കെടുപ്പിച്ചു. സഹായം ആവശ്യമുള്ള ബധിര മൂക സഹോദരങ്ങൾക്ക് രൂപതയിൽ നിന്നുള്ള സഹായം ലഭിച്ചു.

കനോൻഷ്യൻ കോൺവെന്റിൽ കൊൺസിലിംഗ് സെന്റർ വളരെ സജീവമായി പ്രവർത്തിച്ചു വരുന്നു. ഏകസ്തരുടെ രണ്ടാം ഘട്ട സന്ദർശനം തുടരുന്നു.

**കോവളം ഫെറോന**

പ്രതിമാസ യോഗം 26.6.2019 ന് ആഴാകുളം ഫെറോന ഓഫീസിൽ വച്ച് നടന്നു. പ്രസ്തുത യോഗത്തിൽ ബഹുമാനപ്പെട്ട ജേക്കബച്ചനെ ഫെറോന കോർഡിനേറ്ററായി സ്വാഗതം ചെയ്തു.

പൂന്തുറ, വിഴിഞ്ഞം എന്നീ ഇടവകകളിലുള്ള ബധിര മൂക സഹോദരങ്ങളെ അവരുടെ ഭവനങ്ങളിൽ പോയി രൂപതാ ടീം സന്ദർശിക്കുകയും 30.6.19 ന് നടന്ന സംഗമത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി 90 പേരോളം അടങ്ങുന്ന ബധിരരും മൂകരും അവരുടെ സഹോദരങ്ങളും മാതാപിതാക്കളും 30 ന് വെട്ടുകാട് ദൈവാലയത്തിൽ നടന്ന ദിവ്യബലിയിലും തുടർന്ന് നടന്ന യോഗത്തിലും പങ്കെടുക്കുകയും ചെയ്തു. ഇതിനു വേണ്ട സഹായസഹകരണങ്ങൾ ഇടവകകളിൽ നിന്നും ലഭിച്ചു.

വിഴിഞ്ഞം ഇടവകയിൽ പിരിഞ്ഞു കഴിഞ്ഞിരുന്ന 6 കുടുംബങ്ങളെ ഇടവകയിൽ ഒരുമിച്ചു കൊണ്ടുവരികയും പ്രശ്നപരിഹാരം നടത്തുകയും ചെയ്തു. പാലപ്പൂർ ഇടവകയിൽ ഫാദേഴ്സ് ഡേ ആഘോഷത്തിൽ 200 പുരുഷന്മാർ ഇടവകയിൽ പങ്കെടുക്കുകയും ജപമാല നൽകി വികാരിയച്ചൻ അവരെ ആദരിക്കുകയും ചെയ്തു.

ജൂലൈ 19 ന് പൂന്തുറ ഇടവകയിൽ എലീശ്വാ ധ്യാനം ആരംഭിച്ചു. രൂപതാ സഹായമെത്രാൻ റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ ധ്യാനം ഉദ്ഘാടനം ചെയ്തു.

വിഴിഞ്ഞം, പൂന്തുറ, കാരയ്ക്കാമണ്ഡപം, ആഴാകുളം എന്നീ ഇടവകകളിലുള്ള 8 ഏകസ്തർക്ക് രൂപതയിൽ നിന്നുള്ള ധനസഹായം വീട്ടിലെത്തിക്കുകയും അവരോടൊപ്പം അൽപനേരം സമയം ചിലവഴിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**പുല്ലുവിള ഫെറോന**

ഫെറോന എക്സിക്യുട്ടീവ് യോഗം 29.06.19 ൽ അതിരൂപതാ പ്രതിനിധി സി. വിനിതയുടെ അധ്യക്ഷതയിൽ കരുംകുളം ഹാളിൽ വച്ച് കൂടുകയുണ്ടായി. ഓരോ ഇടവകയും തങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു.

**പരുത്തിയൂർ:** ഇടവകയിലെ കിടപ്പുരോഗികളെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഭവനങ്ങളിലും ആശുപത്രികളിലും ആയിരിക്കുന്ന രോഗികൾക്ക് സ്പോൺസർമാരുടെ സഹായത്തോടെ ഭക്ഷണം എത്തിച്ചുകൊടുക്കുന്നു. ജൂൺ 30 ന് വെട്ടുകാട് വച്ച് നടന്ന ബധിരമൂകസംഗമത്തിൽ അംഗങ്ങളെ പങ്കെടുപ്പിച്ചു. കുടുംബപ്രാർത്ഥനയ്ക്കും കൗദാശിക ജീവിതത്തിനും പ്രാധാന്യം കൊടുക്കുന്നു.

**കൊല്ലംകോട്:** വിധവകളുടെയും വിഭാര്യരുടെയും പേരുവിവരപട്ടിക ശേഖരിച്ചു. കിടപ്പുരോഗികൾക്ക് വി. കുർബാന ഭവനങ്ങളിൽ നൽകുന്നതിന് മദർതെരേസ അംഗങ്ങൾ വഴി ക്രമീകരണം ചെയ്തു വരുന്നു. വിവാഹം കഴിഞ്ഞ് 10 വർഷം വരെയായുള്ള ദമ്പതികൾക്ക് ജൂലൈയിൽ നടത്താനിരിക്കുന്ന ക്ലാസ്സിനു മുന്നോടിയായി അവരെ അതിന്റെ പ്രാധാന്യം വ്യക്തമാക്കികൊടുത്തു.

**പൂവാർ:** മാസാദ്യവെള്ളിയാഴ്ചകളിൽ വി. കുർബാന രോഗികളുടെ ഭവനങ്ങളിൽ എത്തിക്കാൻ സിസ്റ്റേഴ്സിനെ സഹായിക്കുന്നു.

ആരും നോക്കാൻ ഇല്ലാത്ത രോഗികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരെ കുളിപ്പിച്ചും വീടും പരിസരവും വൃത്തിയാക്കുകയും ചെയ്യുന്നു. വിധവകളുടെയും ബധിരരുടെയും മൂകരുടെയും പേരുവിവര പട്ടിക തയ്യാറാക്കി.

**കരുംകുളം :** വിധവാ ഫോറം രൂപീകരിച്ചു. അവർക്കുവേണ്ടി സംഘടിപ്പിച്ച ക്ലാസ്സിൽ 57 വിധവകളും 3 വിഭാര്യരും പങ്കെടുത്തു. ക്ലാസ്സിനു ശേഷം വിനോദപരിപാടികൾ സംഘടിപ്പിച്ചിരുന്നു. പങ്കെടുത്തവർക്ക് സമ്മാനം വിതരണം ചെയ്തു.

ഭവനസന്ദർശനം നടത്തിയതിന്റെ ഫലമായി രോഗികളെ കണ്ടെത്തുകയും അവരെ കൂദാശ സവീകരണങ്ങൾക്കായി എത്തിക്കുകയും ചെയ്തു

**പുതിയതുറ:** രോഗികളെ സന്ദർശിച്ചു. ബധിരരുടെയും മൂകരുടെയും പേരുവിവര പട്ടിക തയ്യാറാക്കി.അകന്നുകഴിയുന്ന ദമ്പതികളെ ചെന്നു കാണുകയും അവരോട് സംസാരിച്ച് ഒത്തു തീർപ്പു വരുത്തി ഒരുമിച്ചു താമസിച്ചുവരുന്നു. വിവാഹം ആശീർവദിക്കാതെ കഴിയുന്ന ദമ്പതികളെ കാണുകയും വിവാഹം ആശീർവദിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

**ലൂർദ്ദുപുരം :** എല്ലാ ഭവനങ്ങളിലും മാധ്യമവിമുക്ത മണിക്കൂർ ആചരിക്കുകയും പ്രാർത്ഥന ചൊല്ലുകയും ചെയ്യുന്നു. ഇടവകയിലെ അംഗപരിമിതർ, വിധവകൾ എന്നിവരുടെ വിവരങ്ങൾ ശേഖരിച്ചു. ദിവ്യബലിയിൽ പങ്കെടുക്കാൻ കഴിയാത്ത രോഗികൾക്ക് ഭവനങ്ങളിൽ വി. കുർബാന നൽകാൻ സഹായിക്കുന്നു. രോഗികളുടെയും മരണമടഞ്ഞവരുടെയും ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു വരുന്നു.

**പേട്ട ഫെറോന**

30.06.2019 ന് വെട്ടുകാട് വച്ച് നടന്ന ബധിരമൂകസംഗമത്തിൽ ഫെറോനയിൽ നിന്നും അംഗങ്ങളെ പങ്കെടുപ്പിക്കാൻ സാധിച്ചു. ബധിരരുടെയും മൂകരുടെയും ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ ആവശ്യങ്ങൾ രൂപതാതലത്തിൽ എത്തിക്കുകയും ചെയ്തു.

**പാളയം ഫെറോന**

എക്സിക്യുട്ടീവ് യോഗം കൂടി പ്രവർത്തനം വിലയിരുത്തി, പ്ലാൻ ചെയ്തു. ജനറൽ ബോഡി യോഗം കൂടി ഇടവകകളിലെ

പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. അടുത്ത മാസം വിധവാ സംഗമം നടത്തുവാൻ തീരുമാനിച്ചു. കരുണാമയൻ, സാന്ത്വനം മംഗല്യം എന്നിവക്കു വേണ്ടിയുള്ള സ്പോൺസേഴ്ലിനെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടക്കുന്നു. എലീശ്വാ ധ്യാനത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾ എല്ലാവരെയും അറിയിക്കുകയും അതാതു ഇടവകകളിൽ സംഘടിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

**അഞ്ചുതെങ്ങ് ഫെറോന**

അതിരൂപതയിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് ഇടവകകളിൽ നിന്ന് ബധിര മൂകരുടെ പേരുവിവരം ശേഖരിച്ചു. രൂപതയിൽ നിന്നെത്തിയ രൂപതാ ടീം ബധിരരുടെയും മൂകരുടെയും ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ അവസ്ഥ കണ്ടറിഞ്ഞ് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ജൂൺ 30 ന് വെട്ടുകാട് വച്ച് നടന്ന ബധിരമൂക സംഗമത്തിൽ ഫെറോനയിൽ നിന്നും 7 പേരും അവരുടെ കുടുംബങ്ങളും പങ്കെടുത്തു.

ഫെറോതല പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനായി വൈദീക കോർഡിനേറ്ററിന്റെ നേതൃത്വത്തിൽ ജൂലൈ 12 ന് വാർഡ് കൺവീനർമാരെയും ജൂലൈ 14 ന് എക്സിക്യുട്ടീവ് അംഗങ്ങളെയും വിളിച്ചുകൂട്ടുകയും ചെയ്തു.

**വിവാഹ ഒരുക്കസെമിനാർ**

2019 ജൂലൈ 5 6 7 തീയതികളിൽ നടന്ന കോഴ്സിൽ 67 പെൺകുട്ടികളും 60 ആൺകുട്ടികളും ജൂലൈ 22 23 23 തീയതികൾ നടന്ന ക്ലാസ്സിൽ 47 പെൺകുട്ടികളും 45 ആൺകുട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**വിവാഹ ഒരുക്കസെമിനാർ**
2019 ആഗസ്റ്റ് 05 06 07
2019 ആഗസ്റ്റ് 23 24 25
തീയതികളിൽ നടത്തപ്പെടുന്നു.

**വിവാഹ ഒരുക്കസെമിനാർ www.latinmatrimonial.com എന്ന വെബ്സൈറ്റിൽ ഓൺ ലൈനായും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.**

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 16 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latinmatrimonial.com

**റവ. ഫാ. ജോൺ എ. ആർ**
അതിരൂപത ഡയറക്ടർ

# യുവജന ശുശ്രൂഷ

## പേട്ട ഫെറോന

**ഇടവകാതലം**

എല്ലാ ഇടവകയിലും യുവജനദിനാഘോഷം നടത്തി. ജൂലൈ 7-ാം തീയതി പേട്ട ഇടവകയിൽ യുവജനശാക്തീകരണത്തെക്കുറിച്ച് ശ്രീ.സെബാസ്റ്റ്യൻ ബ്രിട്ടോ ക്ലാസ്സെടുത്തു. 60 കുട്ടികൾ പങ്കെടുത്തു.

**കഴക്കൂട്ടം ഫെറോന:**

ജൂലൈ 7-ാം തീയതി എല്ലാ ഇടവകയിലും യുവജനദിനാഘോഷം നടത്തി. ജൂലൈ 14-ാം തീയതി ഫെറോനതല യുവജനാഘോഷം ഞാണ്ടൂർക്കോണം ഇടവകയിൽവച്ച് നടത്തി. യുവജന ശുശ്രൂഷ കോർഡിനേറ്ററായ ഫാ.റിച്ചാർഡ് സക്കറിയ, അജപാലന കോർഡിനേറ്ററായി ചാർജ് എടുത്തതിനാൽ, യുവജനശുശ്രൂഷ സമിതി അച്ചന് യാത്ര അയപ്പ് നല്കി.

## പുല്ലുവിള ഫെറോന

**ഇടവകാതലം**

ചൊവ്വര, പുല്ലുവിള, പള്ളം, പുതിയതുറ, കൊച്ചുതുറ, നമ്പ്യാതി, ലൂർദ്ദുപുരം എന്നീ ഇടവകകളിൽ ഇടവക യുവജനസമിതി യോഗം സംഘടിപ്പിച്ചു. പുല്ലുവിള ഇടവകയിൽ 20-7-19-ൽ യുവജനശാക്തീകരണത്തിനായി ഒരു മോട്ടിവേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു.

## പുതുക്കുറിച്ചി ഫെറോന

21-ാം തീയതി ഫെറോനാസമിതിയോഗം കൂടി. മിന്നാധാരം ഒരു കൈത്താങ്ങ് എന്ന പദ്ധതിയുടെ ഭാഗമായി പള്ളിത്തുറ, സെന്റ് ഡൊമിനിക് എന്നീ ഇടവകകളിൽ വച്ച് രണ്ട് പെൺകുട്ടികളുടെ വിവാഹം നടത്തി. ഇടവകസമിതി യോഗം എല്ലാ ഇടവകകളിലും നടന്നു.

## കോവളം ഫെറോന

20-7-19 ശനിയാഴ്ച ഫെറോന യുവജനശുശ്രൂഷ കോർഡിനേറ്റർ ഫാ. ആന്റോ ബൈജുവിന്റെ നേതൃത്വത്തിൽ എക്സിക്യൂ

ട്ടീവ് യോഗം കൂടി.

ജൂലൈ 7 യുവജനദിനമായി പൂന്തുറ, വിഴിഞ്ഞം, നെല്ലിയോട്, ആഴാകുളം, പാലപ്പൂര്, പൂങ്കുളം, പരുത്തികുഴി, ഇടയാർ, പെരിങ്ങമ്മല എന്നീ ഇടവകകൾ ആഘോഷിച്ചു.

പൂന്തുറ ഇടവകയിൽ ജൂലൈ 7-ന് കെസിവൈഎം യുവജനങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന നൃത്ത, സംഗീത ക്ലാസ്സുകളുടെ ഉദ്ഘാടനം അതിരൂപത പ്രസിഡന്റ് ശ്രീ.ഷൈജുറോബിൻ നിർവ്വഹിച്ചു. ഫെറോനവികാരി ഫാ.ബെബിൻസൺ അദ്ധ്യക്ഷ പ്രസംഗം നടത്തി.

യുവജനദിനത്തോടനുബന്ധിച്ച് യുവജനങ്ങൾ ഫെറോന തലത്തിൽ കാരുണ്യഭവനിലെ വൃദ്ധമന്ദിരം സന്ദർശിച്ചു.

## വലിയതുറ ഫെറോന

ജൂലൈ മാസം 3-ാം തീയതി യുവജന എക്സിക്യൂട്ടീവ് മീറ്റിംഗ് ചെറിയതുറ വച്ച് കോർഡിനേറ്റർ ഫാ.ജെറോമിന്റെ നേതൃത്വത്തിൽ കൂടുകയും പ്ലാൻ അനുസരിച്ചുള്ള പരിപാടികൾ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു.

2-ാം തീയതി വിവിധതരം ടീമുകൾ ഇൻസ്റ്റിറ്റ്യൂട്ടിനെ പരിചയപ്പെടുത്തുകയും പലതരം കോഴ്സുകളെക്കുറിച്ച് വിശിഷ്യാ +2 കഴിഞ്ഞു ചെയ്യേണ്ട ഏവിയേഷൻ പോലുള്ള നിരവധി കോഴ്സുകളെക്കുറിച്ചു ഒരു കരിയർ ഗൈഡൻസ് ക്ലാസ്സ് സംഘടിപ്പിച്ചു. വെട്ടുകാട് വച്ചു നടത്തിയ പ്രസ്തുത ക്ലാസ്സിൽ 72 വിദ്യാർത്ഥികൾ പങ്കെടുത്തു.

7-ാം തീയതി യുവജനദിനം വെച്ചുകാട് വച്ച് ആഘോഷിച്ചു.

## തൂത്തൂർ ഫെറോന

ജൂലൈ 18-25 വരെ ഫെറോനതലത്തിൽ യുവജനങ്ങൾ ഇ.പി തുറയിലെ ധ്യാനകേന്ദ്രത്തിൽ വച്ച് ധ്യാനം ക്രമീകരിച്ചു. ബ്രദർ ബർലിൻ നേതൃത്വം നല്കി. 250 പേർ പങ്കെടുത്തു. ജൂലൈ 7-ാം തീയതി ഫെറോനതല ആഘോഷം വള്ളവിളയിൽ വച്ച് നടന്നു. ഇടവകയിലെ യുവജനങ്ങൾ പങ്കെടുത്തു.

## അഞ്ചുതെങ്ങ് ഫെറോന

ഫെറോനതല യുവജനശുശ്രൂഷ യോഗം പൂത്തുറ ഇടവകയിൽ വച്ചു 14-7-19 2 മണിക്ക് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നട

ന്നു. പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ എത്രയും പെട്ടെന്നു നടത്തുവാൻ തീരുമാനിച്ചു. എല്ലാ ഇടവകയിലും ജൂലൈ 7-ാം തീയതി യുവജനദിനമായി ആഘോഷിച്ചു.

**ഇടവകതലം:**

**മാമ്പള്ളി:** യുവജനദിനാഘോഷത്തോടനുബന്ധിച്ച് സമ്മേളനവും, പ്രോഗ്രാമും നടന്നു. യോഗത്തിൽ എസ്എസ്എൽസി, +2 ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് യുവജനങ്ങൾ ക്യാഷ് അവാർഡ് നല്കി.

**വെന്നികോട്:** യുവജനങ്ങൾ പാവപ്പെട്ട ഒരു വ്യക്തിക്ക് കിടക്കുന്നതിനായി കട്ടില് വാങ്ങി കൊടുത്തു പാവപ്പെട്ട ഒരു അമ്മച്ചിയുടെ മരണാന്തര ചടങ്ങുകളിൽ എല്ലാവരും സജീവമായി പങ്കെടുത്തുകൊണ്ട് ആവശ്യമായ എല്ലാ കാര്യങ്ങളും യുവജനങ്ങൾ ചെയ്തു കൊടുത്തു.

**റവ. ഫാ. ലെനിൻ ഫെർണാണ്ടസ്**

അതിരൂപത ഡയറക്ടർ

# വിദ്യാഭ്യാസശുശ്രൂഷ

## രൂപതാതലം

ഫെറോന വിദ്യാഭ്യാസ വൈദീക കൺവീനർമാരുടെയും സിസ്റ്റർ ആനിമേറ്റർമാരുടെയും യോഗം 12-7-19 വെള്ളിയാഴ്ച അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷ സമിതി ഓഫീസിൽ വച്ചു നടന്നു.

വിദ്യാർത്ഥി-കേന്ദ്രീകൃത സമഗ്ര വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനക്ലാസ്സ് 20-7-19 ശനിയാഴ്ച റ്റിഎസ്എസ്എസ് ഹാളിൽ വച്ച് നടന്നു. ഇടവക വിദ്യാഭ്യാസ കൺവീനർമാർ, സെക്രട്ടറിമാർ, അധ്യാപകർ എന്നിവരടങ്ങുന്ന 75 പേർ പഠനക്ലാസിൽ പങ്കെടുത്തു. ഫാ. ഡൈസൻ പഠനക്ലാസ്സ് ഉദ്ഘാടനം ചെയ്തു. ഫാ. മെൽക്കൺ, ഫാ.സ്റ്റാലിൻ, വിദ്യാഭ്യാസ ആനിമേറ്റർമാർ എന്നിവരുടെ സാന്നിധ്യത്തിൽ കെആർഎൽസിസി വിദ്യാഭ്യാസ കമ്മിഷൻ സെക്രട്ടറി റവ.ഫാ.ചാൾസ് ലിയോൺ ക്ലാസ്സുകൾ നയിച്ചു. തുടർന്ന് റിസോഴ്സ് ടീം രൂപീകരിച്ചു. പ്രവർത്തന പദ്ധതി രൂപീകരിച്ച് ക്ലാസ് സമാപിച്ചു.

**ഫെറോനാതലം:**

ഫെറോനാസമിതിയോഗം 9 ഫെറോനകളിലും നടന്നു. പ്ലാൻ ആന്റ് ബഡ്ജറ്റ് അനുസരിച്ചുള്ള പരിപാടികൾ കഴിഞ്ഞ മാസം നടന്നതും ഇനി നടത്താനുള്ളതുമായ ചർച്ച ചെയ്തു തീരുമാനമെടുത്തു.

**തൂത്തൂർ:** 20-ാം തീയതി 10 മുതൽ 4 മണി വരെ പൂത്തുറ കമ്മ്യൂണിറ്റി ഹാളിൽ വച്ച് അധ്യാപക സെമിനാർ സംഘടിപ്പിച്ചു. 207 പേർ പങ്കെടുത്തു. ഫാ.റുഡോൾഫ് ആണ് ക്ലാസ് നയിച്ചത്. കുട്ടികളുടെ അവസ്ഥമനസ്സിലാക്കി എങ്ങനെ തയ്യാറെടുക്കാം. അന്നേ ദിവസം തന്നെ ടീച്ചേഴ്സിന്റെ യോഗ പരിശീലനം നടന്നു.

**അഞ്ചുതെങ്ങ്:** ജൂൺ 26-ാം തീയതി അരയതുരുത്തി സെന്റ് അലോഷ്യസ് എൽ.പി.സ്കൂളിൽ മാതാപിതാക്കൾക്കായി ഒരു ബോധവൽക്കരണ ക്ലാസ്സ് നടത്തി 30 പേർ പങ്കെടുത്തു. ഫെറോനയുടെ നേതൃത്വത്തിൽ ജൂലൈ 3-ാം തീയതി മാമ്പള്ളി സെന്റ് അലോഷ്യസ് എൽ.പി സ്കൂളിൽ ചൈൽഡ് ലൈനിന്റെ സഹായത്തോടെ 6 കുട്ടികൾക്കും മാതാപിതാക്കൾക്കും കൗൺസിലിംഗ് നടന്നു.

**പുല്ലുവിള ഫെറോന:** 7-7-19 ഞായറാഴ്ച കൊച്ചുപള്ളി ഇടവകയിൽ വച്ച് കോർഡിനേറ്റർ ഫാ.ഫ്രെഡിസോളമന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യോഗത്തിൽ ഇടവക/ഫെറോനതല പ്രവർഡത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. തുടർ പ്ലാൻ അനുസരിച്ച് നടത്തേണ്ട പ്രവർത്തനങ്ങളുടെ ക്രമീകരണം നടത്തി.

കെറ്റെറ്റ് 9-ാമത്തെ ബാച്ചിനായി പരിശീലനം എൽപി, യൂപി അസിസ്റ്റന്റ് തസ്തികയിലേക്കായി പിഎസ്സി പരിശീലനം എന്നീ പ്രവർത്തനങ്ങൾ 27-7-19-ൽ ആരംഭിക്കുന്നതിനും 28-7-19-ൽ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് എട്ടാമത്തെ ബാച്ചിനായി പരിശീലനം ആരംഭിക്കുന്നതിനും തീരുമാനിച്ചു.

**ഡിഫൻസ് പരിശീലനം:** കരസേന, നാവികസേന, വ്യോമസേന എന്നീ സേനകളിൽ ജോലി കരസ്ഥമാക്കുന്നതിന്റെ ഭാഗമായി നടത്തിവരുന്ന ഡിഫൻസ് പരിശീലനം ഈ മാസം 12 എഴുത്തു പരീക്ഷയ്ക്കുള്ള ക്ലാസ്സുകളും, 20 കായികക്ഷമതയ്ക്കുള്ള പരിശീലനവും നല്കി.

**ഇടവകതലം:** മെറിറ്റ് അവാർഡ്, പഠനോപകരണങ്ങളുടെ വിതരണം, പിഎസ് സി കോച്ചിംഗ്, കരിയർ ഗൈഡൻസ് മാതാപിതാക്കൾക്കായുള്ള ബോധവൽക്കരണം, ടീച്ചേഴ്സ് ഫോറം, വിദ്യാഭ്യാസ സമിതിയോഗം എന്നിവ ഇടവകതലത്തിൽ സംഘടിപ്പിച്ചു. (കൊച്ചുപളളി, പുല്ലുവിള, പുതിയതുറ, പൂവാർ, പരുത്തിയൂർ, കരുംകുളം, കൊച്ചുതുറ തുടങ്ങിയ ഇടവകകളിൽ)

**ചൊവ്വര, പുല്ലുവിള:** ഇടവകകളിൽ വിദ്യാഭ്യാസം, അല്മായം, യൂത്ത്, സാമൂഹികം എന്നീ ശുശ്രൂഷകൾ സംയുക്തമായി വിദ്യാർത്ഥി കേന്ദ്രീകൃത സമഗ്ര വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനെക്കുറിച്ച് രണ്ട് ആലോചനയോഗങ്ങൾ സംഘടിപ്പിച്ചു.

**പേട്ട ഫെറോന:** എല്ലാ ഞായറാഴ്ചയും 9.30-12.30 വരെ പോങ്ങുംമൂട് ഇടവകയിൽ വച്ച് പിഎസ്സി പരിശീലനം നടക്കുന്നു.

**പേട്ട:** കുട്ടികളുടെ ഡേറ്റാ ശേഖരണം നടക്കുന്നു.

**പോങ്ങുംമൂട്:** എല്ലാ ഞായറാഴ്ചയും 11.30-12.30 വരെ 5-ാം ക്ലാസ് മുതൽ +1 വരെയുള്ള കുട്ടികൾക്കായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് നടത്തുന്നു. 20 കുട്ടികൾ പങ്കെടുക്കുന്നു.

**വലിയതുറ ഫെറോന**

**ഇടവകതലം**

**കൊച്ചുവേളി:** കൊച്ചുവേളി ഇടവകയിൽ പിഎസ്സി പരിശീലന ക്ലാസ് തുടർ പരിപാടിയായി എല്ലാ ശനിയാഴ്ച ദിവസങ്ങളിലും 4 മണി മുതൽ 6 മണി വരെ നടന്നുവരുന്നു. ഇതിൽ 15 കുട്ടികൾ പങ്കെടുക്കുന്നു. പാവപ്പെട്ട 80 കുട്ടികൾക്ക് പഠനോപകരണം ബാഗ് എന്നിവ വിതരണം ചെയ്തു. കൂടാതെ വെനസ്ഡേ യൂണിഫോം 15 കുട്ടികൾക്കു വിതരണം ചെയ്തു. എസ്എസ്എൽസി, +2 ഉന്നതവിജയികൾക്ക് അവാർഡ് നല്കി.

**വലിയവേളി:** എസ്എസ്എൽസി, +2 ഉന്നതവിജയികളായ 18 കുട്ടികൾക്ക് അവാർഡ് നല്കി. 50 കുട്ടികൾക്ക് പഠനോപകരണ വിതരണം നടത്തി. പിഎസ്സി തുടർ പരിശീലന പരിപാടി നടന്നുവരുന്നു.

**തോപ്പ്:** 31-6-19 -ാം തീയതി കുട്ടികളിൽ കർഷകശ്രീമത്സരത്തിനായി കൃഷിരീതികൾ പരിചയപ്പെടുത്തി ഗിന്നസ് ബുക്ക് ജേതാവും കാർഷിക കോളേജ് പ്രൊഫസറുമായ രവീന്ദ്രൻസാറ് 98 കുട്ടികൾക്ക് ക്ലാസ് നല്കി. സയൻസ് വോയിസ് എന്ന പേരിൽ മാസിക ഇറക്കുകയും അത് 25-ാം തീയതിയിലെ ദിവ്യബലിയിൽ പ്രകാശനം ചെയ്തു. ലോഗോസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനം നല്കി. എസ്എസ്എൽസി, +2 ഉന്നതവിജയികൾക്ക് സമ്മാനദാനം, കലാപരിപാടികൾ നടത്തി സമ്മാനം നല്കുന്നു. 25-ാം തീയതി വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നു.

**കൊച്ചുതോപ്പ്:** വിഐഎംഎഫ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഏവിയേഷന്റെ ബോധവൽക്കരണക്ലാസ് 3-ാം തീയതി സംഘടിപ്പിച്ചു. ക്ലാസ്സുകൾ നയിച്ചത് ശ്രീമതി വിജയലക്ഷ്മിയും സംഘവുമാണ്. 3 ഭാഷകൾ ഈ മാസം ആരംഭിക്കുവാൻ തീരുമാനിച്ചു. തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസം ഓരോ വിഷയത്തിന്റെയും അദ്ധ്യാപകർ ഓരോ ദിവസങ്ങളിലും ക്ലാസുകൾ നയിക്കുവാൻ തീരുമാനിച്ചു.

**ചെറിയതുറ:** കരിയർ ഗൈഡൻസ് ക്ലാസ് 23-ാം തീയതി 2 മണി മുതൽ 4 മണി വരെ ചെറിയതുറ കമ്മ്യൂണിറ്റി ഹാളിൽ വച്ചു സംഘടിപ്പിച്ചു. പാവപ്പെട്ട കുട്ടികളെ സെലക്ട് ചെയ്ത് 10 ബാഗ് പഠനോ

പകരണങ്ങൾ എന്നിവ നല്കി. കൂടാതെ 25 കുട്ടികൾക്ക് ബുക്ക വിതരണം ചെയ്തു.

**വലിയതുറ:** പിഎസ്സി പരിശീലന ക്ലാസ്സ് എല്ലാ ശനിയാഴ്ചകളിലും 4-6 വരെ വലിയതുറ ഇടവകയിൽ നടന്നുവരുന്നു. ഇതിൽ 15 കുട്ടികൾ പങ്കെടുക്കുന്നു. എട്ടാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് വൈകുന്നേരങ്ങളിൽ ഫ്രീ ട്യൂഷൻ നടന്നുവരുന്നു.

**കണ്ണാന്തുറ:** എസ്എസ്എൽസി, +2 -ലെ 30 ഉന്നത വിജയികൾക്ക് 13-ാം തീയതി അവാർഡ് വിതരണം ചെയ്തു. 23-ാം തീയതി 15 കുട്ടികൾക്ക് വിദ്യാരംഭം കുറിച്ചു.

**അഞ്ചുതെങ്ങ്**

**ഇടവകതലം:**

10-ൽ 5 ഇടവകകളിൽ സമിതിയോഗം നടന്നു. മാമ്പള്ളി, ആറ്റിങ്ങൽ, അരയതുരുത്തി, ചമ്പാവ്, അഞ്ചുതെങ്ങ് ഇടവകകളിൽ മെറിറ്റ് അവാർഡ് കൊടുത്തു. മാമ്പള്ളിയിൽ കുട്ടികൾക്ക് പ്രയാസമുള്ള വിഷയങ്ങൾ എങ്ങനെ രസകരമായി പഠിയ്ക്കാം എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീമതി നോവൽ ക്ലാസ് എടുത്തു 65 കുട്ടികൾ പങ്കെടുത്തു

**കഴക്കൂട്ടം ഫെറോന**

മുരുക്കുംപുഴ ഇടവകയിൽ 14-7-19-ൽ വിദ്യാർത്ഥികേന്ദ്രീകൃത ബദൽ വിദ്യാഭ്യാസ പ്രവർത്തനം ആരംഭിച്ചു. കെആർഎൽസി സെക്രട്ടറി ഫാ.ചാൾസ് ലിയോൺ, ഫാ.പോൾ സണ്ണി ഇടവക വികാരി ഫാ.തോമസ് നെറ്റോ എന്നിവരുടെ നേതൃത്വത്തിൽ സ്റ്റുഡൻസ് ഫോറം തുടക്കം കുറിച്ച് മാസത്തിൽ ഒരു ദിവസം ഞായറാഴ്ച 3 മുതൽ 5 വരെ നടത്തുവാൻ തീരുമാനിച്ചു.

**കോവളം ഫെറോന**

**ഫെറോനതലം:**

ജൂലൈ 6 ശനിയാഴ്ച ആഴാകുളം ഇടവകയിൽവച്ച് ഫെറോന എക്സിക്യൂട്ടീവ് യോഗം കൂടി. യോഗത്തിൽ ഫെറോന തലത്തിൽ പ്രാവർത്തികമാക്കാൻ തീരുമാനിച്ചിരുന്ന എസ്എസ്എൽസി, +2 പ്രൊഫഷണൽ കോഴ്സുകളിൽ ഉന്നതവിജയികൾക്കുള്ള മെറിറ്റ് അവാർഡ്, ഫെറോനതല ക്വിസ് മത്സരം എന്നിവയെ

കുറിച്ച് ചർച്ച ചെയ്തു.

ജൂലൈ 28-ന് ഞായറാഴ്ച 2 മണിയോടെ ഫെറോനതലത്തിൽ മെറിറ്റ് അവാർഡ് എസ്എസ്എൽസി, +2 പ്രൊഫഷണൽ കോഴ്സുകളിൽ ഉന്നതവിജയികൾക്ക് നല്കി ആദരിക്കാൻ തീരുമാനിച്ചു.

ആഗസ്റ്റ് 4-ന് ഇടവകതല ക്വിസ് മത്സരത്തിന് ഫെറോനയുടെ നേതൃത്വത്തിൽ ചോദ്യാവലി തയ്യാറാക്കാൻ തീരുമാനിച്ചു. ഇടവകകളിൽ വിജയികളാകുന്ന വിദ്യാർത്ഥികളെ ഫെറോനതലത്തിൽ മത്സരിപ്പിക്കുന്നു.

**വിഴിഞ്ഞം**

ജൂലൈ 7-ന് വിഴിഞ്ഞം വിദ്യാഭ്യാസ ശുശ്രൂഷ യോഗം ക്രമീകരിച്ചു. യോഗത്തിൽ വിഴിഞ്ഞം വിദ്യാഭ്യാസതല പ്രവർത്തനങ്ങൾ വിലയിരുത്തി. സാക്ഷരതാ ക്ലാസ്സ് 9 ക്ലാസ്സുകളായി വേർതിരിച്ച് നടന്നുവരുന്നു. എസ്എസ്എൽസി, +2 വിദ്യാർത്ഥികൾക്കായി സെന്റ് മേരീസ് സ്കൂളിൽ വച്ച് കരിയർ ഗൈഡൻസ് ക്ലാസ്സ് നടന്നു. എഴുതാനും വായിക്കാനും അറിയാത്ത വിദ്യാർത്ഥികൾക്ക് അക്ഷരക്ലാസ് നല്കി വരുന്നു.

**പൂന്തുറ**

4 മുതൽ 10-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കായി പൂന്തുറ സെന്റ് തോമസ് സ്കൂളിൽ വച്ച് സൂപ്പർ വിഷനറി സ്റ്റഡി നടന്നുവരുന്നു. 150 വിദ്യാർത്ഥികൾക്ക് 22 അധ്യാപകർ ക്ലാസ് നല്കി വരുന്നു. ജൂലൈ 14-ന് വിദ്യാഭ്യാസ ശുശ്രൂഷതല എക്സിക്യൂട്ടീവ് യോഗം കൂടി. അക്ഷരം അറിയാത്ത മാതാപിതാക്കൾക്കായുള്ള സാക്ഷരതാക്ലാസ്സ് നടന്നു.

**ആഴാകുളം:** വിദ്യാർത്ഥികൾക്കായി ഹിന്ദി വിഷയത്തിൽ പ്രത്യേക പരിശീന ക്ലാസ്സ് നല്കി വരുന്നു. 15 വിദ്യാർത്ഥികൾ പങ്കെടുത്തു, ഡിഗ്രി ക്ലാസ്സിൽ യൂണിവേഴ്സിറ്റിയിൽ ഒന്നാം റാങ്ക് ലഭിച്ച വിദ്യാർത്ഥിയെ ഇടവകതലത്തിൽ അനുമോദിച്ചു.

**റവ. ഫാ. മെൽക്കൺ**

അതിരൂപത ഡയറക്ടർ

## കെ.സി.എസ്.എൽ

തിരുവനന്തപുരം അതിരൂപതാ കെ.സി.എസ്.എൽ ഈ വർഷത്തെ ആനിമേറ്റേഴ്സ് കോൺഫറൻസ് ലീഡേഴ്സ് മീറ്റിംഗ് 12.07.2019-ൽ ആനിമേഷൻ സെന്ററിൽ വച്ച് റവ.ഫാ.ജേക്കബ് സ്റ്റെല്ല സിന്റെ (കെ.സി.എസ്.എൽ ഡയറക്ടർ) അദ്ധ്യക്ഷതയിൽ അതി രൂപതാ ജൂഡിഷ്യൽ വികാർ റവ.ഫാ.ജോസ് ജി.യുടെ ഉദ്ഘാടന ത്തോടുകൂടി ആനിമേറ്റേഴ്സ് കോൺഫറൻസിനും ലീഡേഴ്സ് മീറ്റിംഗിനും തുടക്കം കുറിച്ചു. ആനിമേറ്റേഴ്സിന്റെ ഉത്തരവാദിത്വവും കടമകളെ കുറിച്ച് ശ്രീ.ജോജി (മാർ തീയോഫൈലസ് ട്രേയിനിംഗ് കോളേജ്, നാലഞ്ചിറ) ലീഡേഴ്സിന് ലീഡർഷിപ്പ് പരിശീലനം നൽകുന്നതിനായി ശ്രീ.സുജിത്ത് പുതുക്കുറിച്ചി ക്ലാസ്സിനു നേതൃ ത്വം നൽകി.

2019-20 അദ്ധ്യായന വർഷത്തിലെ കെ.സി.എസ്.എൽ ഭാര വാഹികളെ തെരഞ്ഞെടുത്തു. ചെയർപേഴ്സനായി ജീവ വിക്ടർ (സെന്റ്.മേരീസ് എച്ച്എസ്, വിഴിഞ്ഞം) ജനറൽ സെക്രട്ടറി സെബിൻ (പള്ളിത്തുറ എച്ച്എസ്എസ്) സെക്രട്ടറിമാരായി എച്ച്എസ്എസ് വിഭാഗത്തിൽ ആഷ്ബിൻ ജോൺ (സെന്റ്.മേരീസ് എച്ച്എസ്എസ്, വെട്ടുകാട്), റോബിൻ എ., (സെന്റ്.ആന്റണീസ് വലിയതുറ), ബിൻസി ബി. (സെന്റ്.മൈക്കിൾസ് എച്ച്എസ്, കഠിനംകുളം) എച്ച് എസ് വിഭാഗത്തിൽ ഹെമി മേരി (ഫാത്തിമ മാതാ കോൺവെന്റ് സ്കൂൾ, അരയത്തുരുത്തി), തേജസ് (സെന്റ്.ജോസഫസ് എച്ച്എ സ്എസ്, തിരുവനന്തപുരം), അജ്മൽ ജസ്റ്റിൻ (സെന്റ്.തോമസ് എച്ച് എസ്എസ്, പൂന്തുറ) യുപി വിഭാഗത്തിൽ ഡോണ (സെന്റ്.ഹെ ലൻസ്, ലൂർദ്ദ്പുരം), ജെയ്സൺ (സെന്റ്.ജോസഫ്സ് എച്ച്എസ് എസ്, അഞ്ചുതെങ്ങ്), വിചിത്ര (സെന്റ്.ആൻഡ്രൂസ് യുപിഎസ്, ചിറ്റാറ്റുമുക്ക്)

**മെറിറ്റ് അവാർഡ് വിതരണം**

തിരു: അതിരൂപതാ കെ.സി.എസ്.എൽ ന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ പ്രവർത്തന ഉത്ഘാടനവും എസ്എസ്എൽസി,+2 പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡ് വിതരണവും മാർഗരേഖയും കലണ്ടറും പ്രകാശനം ചെയ്തു. തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ റൈറ്റ്. റവ.ഡോ.ക്രിസ്തുദാസ് ആർ., നിർവ്വഹിച്ചു. തിരുവനന്തപുരം ഹോളി

ഏയ്ഞ്ചൽസ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ കെ.സി.എസ്.എൽ അതിരൂപതാ ഡയറക്ടർ റവ.ഫാ.ജേക്കബ് സ്റ്റെല്ലസ് അദ്ധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ റവ.ഫാ.മെൽക്കൺ, കെ.സി.എസ്.എൽ പ്രസിഡന്റ് ഡാമിയൻ, ഓർഗനേസർ ആന്റണി ക്ലമന്റ്, ഹോളി ഏയ്ഞ്ചൽസ് സ്കൂൾ പ്രിൻസിപ്പാൾ റവ.സിസ്റ്റർ.ഉഷ ലിറ്റ, കെ.സി.എസ്.എൽ ചെയർ പേഴ്സൺ കുമാരി ജീവ വിക്ടർ എന്നിവർ പ്രസംഗിച്ചു.

കെ.സി.എസ്.എൽ തിരുവനന്തപുരം അതിരൂപതാതല പ്രവർത്തന ഉത്ഘാടനം അതിരൂപതാ സഹായമെത്രാൻ റൈറ്റ്. റവ.ഡോ.ക്രിസ്തുദാസ് ആർ., നിർവ്വഹിച്ചു.

**റവ. ഫാ. ജേക്കബ് സ്റ്റെല്ലസ്**

അതിരൂപത എക്സി. സെക്രട്ടറി

# സാമൂഹ്യശുശ്രൂഷ

**നീതിസമാധാനവികസനം**

**ഫെറോനാതലയോഗം:** 9/9 ഫെറോനകളിലും പ്രീസ്റ്റ് കോർഡിനേറ്ററുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്ലാൻ അനുസരിച്ച് ജൂൺ മാസത്തെ പ്രവർത്തന വിലയിരുത്തൽ, ജൂലൈ മാസത്തെ പ്രവർത്തനങ്ങളുടെ പ്ലാനിംഗും, വേണ്ട തീരുമാനവും എടുത്തു. കഴക്കൂട്ടം, ഫെറോനയിൽ 30-6-ൽ സെക്രട്ടറി, കാഷ്യർ എന്നിവർക്കായി റിക്കോർഡ് തയ്യാറാക്കുന്നതിന് ശ്രീമതി ലിജാ സ്റ്റീഫൻ പരിശീലനം നല്കി. 7-7-ൽ കഴക്കൂട്ടം ഫെറോന എക്സിക്യൂട്ടീവ് യോഗത്തിൽ റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. സാബാസിന്റെ സാന്നിധ്യത്തിൽ പുതിയ സെക്രട്ടറിയെ തെരഞ്ഞെടുത്തു. കഴക്കൂട്ടം, വലിയതുറ ഫെറോനകളിൽ ഫെറോനാവികാരിമാരുടെ അദ്ധ്യക്ഷതയിൽ ജോയിന്റ് ആനിമേറ്റേഴ്സ് യോഗം നടന്നു. ഇടവകാതല യോഗങ്ങൾ നടന്നു

**കുടുംബക്ഷേമപ്രവർത്തനങ്ങൾ**

പാളയം -25, പേട്ട - 23, കഴക്കൂട്ടം-10 എന്നീ ക്രമത്തിൽ 58 കുടുംബങ്ങൾക്ക് 900 രൂപാ വീതം 52200 രൂപ ബാങ്കിൽ നിക്ഷേപിച്ചു.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും**

9/9 ഫെറോനകളിലും യോഗം നടന്നു. കഴക്കൂട്ടം ഫെറോനയിലെ കൊയ്ത്തൂർകോണം ഇടവകയിൽ എസ്എച്ച്ജി ഇടവക ഫെഡറേഷൻ, ആക്ടിവിറ്റീസ് ഗ്രൂപ്പ്, പേട്ട ഫെറോനയിൽ ആക്ടിവിറ്റി ഗ്രൂപ്പ് എന്നിങ്ങനെ രൂപീകരിച്ചു. അഞ്ചുതെങ്ങ് ഫെറോനയിൽ 63 അംഗങ്ങളെ ഉൾപ്പെടുത്തി തയ്യൽ പരിശീലനം നടന്നുവരുന്നു. കഴക്കൂട്ടം, പേട്ട ഫെറോനകളിൽ ചക്ക കൊണ്ടുള്ള ഉല്പന്നങ്ങളുടെ പരിശീലന ക്ലാസ്സ് നടക്കുകയും, 17, 30 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു. കൊയ്ത്തൂർകോണം ഇടവകയിൽ പരിശീലനം ലഭിച്ചു. അംഗങ്ങൾ ഉല്പന്നങ്ങൾ തയ്യാറാക്കി. 14-7 -ൽ വിപണനമേള നടത്തി. പാളയം ഫെറോന വെള്ളയമ്പലം ഇടവകയിലെ വനിതകൾക്ക് പേപ്പർ ക്യാരിബാഗ്, റെക്സിൻബാഗ് എന്നിവയുടെ പരിശീലനം നല്കി. ഭവനം ഒരു സമ്മാനം പദ്ധതിക്കുവേണ്ടി പേട്ട -3, പാളയം -6 എന്നീ ക്രമത്തിൽ ആകെ 9100 രൂപ

എസ്എച്ച്ജി സംഘങ്ങൾ സംഭാവന നല്കി. ഫെറോനാ യോഗങ്ങളിൽ ഉണർവ് പഠന പത്രിക മഴക്കാല രോഗങ്ങളെക്കുറിച്ച് അവബോധം നല്കി, തൂത്തൂർ ഫെറോനയിലെ ആക്ടിവിറ്റി ഗ്രൂപ്പുകൾ ആനിമേറ്റർ സന്ദർശിച്ചു.

**ഇതരതൊഴിലാളി പ്രവർത്തനങ്ങൾ**

21-7-19-ൽ വെള്ളയമ്പലം സെന്റ് ആന്റണീസ് ഹാളിൽ വച്ച് കെഎൽഎം ന്റെ നേതൃത്വത്തിൽ സാമൂഹ്യശുശ്രൂഷാ സമിതി അസി. ഡയറക്ടർ ഫാ.ആഷ്ലിന്റെ അദ്ധ്യക്ഷതയിൽ കെഎൽഎം രൂപതാ കോർഡിനേറ്റർ ശ്രീമതി അന്നീറീത്താ കെഎൽഎം ന്റെ ദർശനം ദൗത്യം എന്നിവയെക്കുറിച്ച് ക്ലാസ്സെടുത്തു. കെഎൽഎം രൂപതാ എക്സി. സെക്രട്ടറി ഫാ. ജോൺഡാൾ തൊഴിലാളി ഫോറങ്ങളുടെ ശാക്തീകരണത്തെക്കുറിച്ച് ക്ലാസ്സെടുത്തു. 7/7 ഫെറോനായോഗങ്ങൾ നടന്നു.

പേട്ട, കഴക്കൂട്ടം, അഞ്ചുതെങ്ങ്, കോവളം എന്നീ ഫെറോനകളിൽ 35, 25, 35, 50 എന്നീ ക്രമത്തിൽ അംഗങ്ങൾക്ക് വിത്ത്, വളം, ഗ്രോബാഗ് എന്നിവ വിതരണം ചെയ്യുകയും, ജൈവവള കൃഷിയെക്കുറിച്ച് ബോധവൽക്കരണക്ലാസ്സ് നല്കുകയും ചെയ്തു. കിള്ളിപ്പാലം ഇടവകയിലെ കെഎൽഎം അംഗങ്ങൾക്ക് ഏത്തവാഴത്തൈ വിതരണം ചെയ്തു.

**ആരോഗ്യകാര്യ കമ്മിഷൻ:**

പാളയം ഫെറോനയിൽ ചൈതന്യ ഹോസ് പിറ്റലിന്റെ സഹകരണത്തോടെ നേത്രപരിശോധന ക്യാമ്പ്, തൈക്കാട് ഇടവകയിൽ വയോമിത്രം ക്യാമ്പും നടന്നു. 116 അംഗങ്ങൾ പങ്കെടുത്തു. കോവളം ഫെറോനയിൽ ലഹരി, മയക്കുമരുന്ന്, ഫാസ്റ്റ്ഫുഡ് എന്നിവയുടെ ബോധവൽക്കരണ ക്ലാസ്സ് ഡോ.ശോഭയുടെ നേതൃത്വത്തിലും, വലിയതുറ ഇടവകയിൽ ജനറൽ മെഡിക്കൽ ക്യാമ്പ്, വയോമിത്രം ക്യാമ്പ്, പാലിയേറ്റീവ് കെയർ വിസിറ്റ് പാളയം, ക്യാൻസർ രോഗ ബോധവൽക്കരണ ക്ലാസ് എന്നിവ നടക്കുകയുണ്ടായി. 97,72,50,218 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു. പേട്ട ഫെറോനയിലെ കുശവർക്കൽ ഇടവകയിൽ ഹൃദ്രോഗികളായ രണ്ട് അംഗങ്ങൾക്ക് 5000, 2000 എന്നീ ക്രമത്തിൽ രൂപതയിൽ നിന്നും ധനസഹായം നല്കുകയുണ്ടായി. പാളയം, കോവളം എന്നീ ഫെറോനകളിൽ എൽ എഫ് കുട്ടികളുടെ ഭവനം സിസ്റ്റർ ശോഭയും, ആനിമേറ്റർമാരും

ചേർന്ന് സന്ദർശിച്ചു. തൂത്തൂർ ഫെറോനയിൽ ക്യാൻസർ നിർണ്ണയ ക്യാമ്പ്, മൊബൈൽ ക്യാമ്പ്, രക്തദാന ബോധവൽക്കരണ ക്ലാസ്സ് എന്നിവ നടക്കുകയുണ്ടായി. 94, 52 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

**സ്ത്രീകൾ കുട്ടികൾ:**

പാളയം ഫെറോനയിലെ വഴയില ഇടവകയിൽ കുട്ടികൾക്കായ് കളിമണ്ണുകൊണ്ട് വിവിധതരം രൂപങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം നല്കുകയുണ്ടായി. 40 കുട്ടികൾ പങ്കെടുത്തു. വലിയതുറ, അഞ്ചുതെങ്ങ്, കഴക്കൂട്ടം എന്നീ ഫെറോനകളിലെ ചൈൽഡ് പാർലമെന്റ് കുട്ടികൾക്ക് നോട്ട്ബുക്ക് വിതരണം ചെയ്തു. പുഷ്പഗിരി ഇടവകയിൽ ചൈൽഡ് പാർലമെന്റ് പുനർക്രമീകരണം നടന്നു.

**പ്രവാസികാര്യ കമ്മീഷൻ**

കാഞ്ഞിരംപാറ ഇടവകയിൽ പ്രവാസിക്ഷേമ പ്രവർത്തനങ്ങൾ, ജെറുഷേം ഹെൽപ് ഡസ്ക് എന്നിവയെക്കുറിച്ചും ശ്രീ.ഇഗ്നേഷ്യസ് ബോധവൽക്കരണം നല്കി. 34 അംഗങ്ങൾ പങ്കെടുത്തു. വലിയതുറ ഫെറോനയിലെ 2 അംഗങ്ങൾക്ക് നോർക്കയിൽ അംഗത്വം നല്കി. എല്ലാ ഫെറോനകളിലും പ്രവാസി സർവ്വേ നടന്നുവരുന്നു. അഞ്ചുതെങ്ങ് ചമ്പാവ് ഇടവകയിൽ ഇസ്രായേലിൽ മരണമടഞ്ഞ ശ്രീ.ജറോമിന്റെ മൃതദേഹം നാട്ടിലെത്തിക്കുവാൻ നോർക്ക റൂട്ട്സിന്റെ സഹായത്തോടെ നിയമനടപടികൾ നടത്തുകയും, മരണാനന്തര ചടങ്ങിൽ രൂപതാ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ.ജോൺ ഡാൾ പങ്കെടുക്കുകയും ചെയ്തു.

**മദ്യവിരുദ്ധ പ്രവർത്തനങ്ങൾ**

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം രൂപതാ പരിപാടി ക്രിസ്തുദാസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ വെട്ടുകാട് ഇടവകയിലും, മാർത്താണ്ഡംതുറ ഇടവകയിലും വച്ച് നടക്കുകയുണ്ടായി. സി.ജിൻസയുടെ നേതൃത്വത്തിൽ സ്കൂൾ കുട്ടികൾക്കായ് മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദൂശ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണം നല്കി. അഞ്ചുതെങ്ങ് ഫെറോനയിൽ 6 കുടുംബങ്ങൾ മുക്തി ധ്യാനത്തിൽ പങ്കെടുത്തു. കഴക്കൂട്ടം ഫെറോനയിലെ തുണ്ടത്തിൽ ഇടവകയിലെ ഒരംഗത്തെ ട്രിവാൻഡ്രം സാമൂഹ്യശുശ്രൂഷയിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ പ്രതീക്ഷാ ഡി അഡിക്ഷൻ

സെന്ററിൽ ചികിത്സ നല്കി വരുന്നു. 30-6-ൽ പേട്ട ഫെറോനയിൽ ഡോ.ശോഭാ മാത്യുവിന്റെ നേതൃത്വത്തിൽ ലഹരിവസ്തുക്കളുടെ ബോധവൽക്കരണ ക്ലാസ് നടന്നു. റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ.സാബാസ് ഉദ്ഘാടനം ചെയ്ത് പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു.

**പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ:**

അഞ്ചുതെങ്ങ് പ്രോജക്ടിന്റെ സഹായത്തോടെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നടന്നു.

**മറ്റു പ്രവർത്തനങ്ങൾ**

വലിയതുറ ഫെറോനയിൽ കടലാക്രമണം മൂലം ദുരിതമനുഭവിക്കുന്നവർക്ക് പാളയം, കിളളിപ്പാലം ഇടവകവികാരിമാരും അംഗങ്ങളും ചേർന്ന് ക്യാമ്പ് സന്ദർശിക്കുകയും, അവശ്യസാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. പ്രസ്തുത അംഗങ്ങൾക്ക് റ്റിഎസ്എസ്എസ്സിൽ നിന്നും അടിയന്തിര സഹായം എത്തിക്കുകയുണ്ടായി.

**റവ. ഫാ. സാബാസ്**

അതിരൂപത ഡയറക്ടർ

# മത്സ്യമേഖല ശുശ്രൂഷ

**രൂപതാ വിലയിരുത്തൽ യോഗം**

4-7-2019-ൽ രൂപതാ ഡയറക്ടർ ഫാദർ ഷാജിൻ ജോസിന്റെ സാന്നിദ്ധ്യത്തിലും രൂപതാ കോർഡിനേറ്ററിന്റെ സാന്നിദ്ധ്യത്തിലും വിലയിരുത്തൽ യോഗം നടന്നു. ജൂൺ മാസം ഫെറോനകളിൽ നടന്ന പ്രവർത്തനങ്ങളെക്കുറിച്ച് ആസൂത്രണം ചെയ്യുകയും ചെയ്തു.

**രൂപതാ ഭരണസമിതി യോഗം**

27-ാം തീയതി വെള്ളയമ്പലം ഓഫീസിൽ വച്ച് മത്സ്യമേഖല ശുശ്രൂഷാസമിതിയുടെ രൂപതാ ഭരണസമിതിയോഗം കൂടി. ഫെറോന പദ്ധതികളെക്കുറിച്ച് വിലയിരുത്തൽ നടത്തുകയും മത്സ്യത്തൊഴിലാളി സ്ഥിതി വിവരശേഖരണത്തെക്കുറിച്ചുള്ള ബോധ്യം നല്കി. കൂടാതെ ഫിഷറീസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലും 7 പേർ അടങ്ങുന്ന ദുരന്തനിവാരണ സമിതിയ്ക്ക് രൂപം നല്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ വിവരശേഖരത്തിന് ആപ്പ് രൂപീകരിക്കുകയും ഇതിന്റെ ആദ്യപടിയായി സെന്റാൻഡ്രൂസ് ഇടവകയിൽ ഷാജിൻ അച്ചന്റെ നേതൃത്വത്തിൽ തുടക്കം കുറിക്കുകയും ചെയ്തു.

**ഫെറോനായോഗം:** 7,14,24,27,28 എന്നീ തിയതികളിൽ കോവളം, വലിയതുറ, അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, പുല്ലുവിള, തൂത്തൂർ എന്നീ ക്രമത്തിൽ 6/6 ഫെറോനായോഗം കൂടി. കടൽരക്ഷാ സൈന്യം രൂപീകരിക്കുക, ഐസ് മീൻ വില്പന, ലൈറ്റ് വച്ചുള്ള മീൻ പിടുത്തം, വിവരശേഖരണം, മത്സ്യത്തൊഴിലാളികളുടെ അംഗത്വത്തിനുവേണ്ടിയുള്ള അപേക്ഷ നല്കൽ, എന്നിവയെക്കുറിച്ചും വലിയതുറ ഫെറോനയിൽ വിഴിഞ്ഞം ഹാർബർ പ്രശ്നം, കല്ലിടൽ പ്രശ്നം എന്നിവയെക്കുറിച്ചും പുതുക്കുറിച്ചി ഫെറോനയിൽ ലേല ഷെഡ്, തീരദേശ റോഡ് എന്നിവയെക്കുറിച്ചും ചർച്ചകൾ നടത്തുകയും തീരുമാനങ്ങൾ കൈകൊള്ളുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. എല്ലാ യോഗങ്ങളിലും ഫെറോനാ കോർഡിനേറ്റർ അച്ചന്മാരുടെ സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

**ഇടവകതലയോഗങ്ങൾ:** പുതുക്കുറിച്ചി 7/10, വലിയതുറ 5/8, പുല്ലുവിള 5/8, കോവളം 2/3, തൂത്തൂർ 4/8 എന്നീ ക്രമത്തിൽ അതാതു

ഇടവകവികാരിമാരുടെയും കൺവീനർമാരുടെയും നേതൃത്വത്തിൽ യോഗം നടത്തി. പ്രാദേശിക പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്തു.

**ബോധവത്കരണ ക്ലാസ്സ്:** 7,16 എന്നീ തിയതികളിൽ കോവളം, പുതുക്കുറിച്ചി എന്നീ ഫെറോനകളിൽ ആഴാകുളം, സെന്റാഡ്രൂസ് എന്നീ ഇടവകകളിൽ ഫിഷറീസ് നയത്തെക്കുറിച്ചും വിവരശേഖരണത്തെക്കുറിച്ചും ഡയറക്ടർ ഫാദർ ഷാജിൻ ജോസ് ക്ലാസെടുത്തു, 42, 20 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

**കടൽരക്ഷാസൈന്യം രൂപീകരിക്കൽ**: പുതുക്കുറിച്ചി ഫെറോനയിൽ പള്ളിത്തുറ, മര്യനാട്, പുതുക്കുറിച്ചി എന്നീ ഇടവകകളിൽ 7 പേർ അടങ്ങുന്ന കടൽ രക്ഷാസൈന്യത്തിന് രൂപം കൊടുത്തു.

**മത്സ്യത്തൊഴിലാളി ഫോറം**

**യൂണിറ്റ് യോഗങ്ങൾ**: പുതുക്കുറിച്ചി -2, വലിയതുറ - 3, തൂത്തൂർ -3, അഞ്ചുതെങ്ങ്-1, പുല്ലുവിള - 4, കോവളം - 2, എന്നീ ക്രമത്തിൽ യൂണിറ്റ് യോഗങ്ങൾ നടന്നു. മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വത്തെക്കുറിച്ചും, തീരപ്രദേശങ്ങളിൽ നടക്കുന്ന കടൽകയറ്റത്തെക്കുറിച്ചും ലൈറ്റ് വച്ച് മീൻ പിടിക്കരുത് എന്നതിനെക്കുറിച്ചും ചർച്ച നടത്തി.

**എസ്എച്ച്ജി രൂപീകരണം:** റ്റിഎംഎഫ്-ന്റെ കീഴിൽ വെട്ടുകാട് ഒരു പുരുഷ സ്വയം സഹായ സംഘവും തോപ്പിൽ രണ്ട് സ്വയംസഹായസംഘവും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

**മത്സ്യക്കച്ചവട സ്ത്രീ രൂപീകരണം:** 7,14,16,24 എന്നീ തീയതികളിൽ തൂത്തൂർ, വലിയതുറ, പുല്ലുവിള, അഞ്ചുതെങ്ങ്, പുതുക്കുറിച്ചി എന്നീ ക്രമത്തിൽ 5/6 ഫെറോനാ യോഗങ്ങൾ നടന്നു. യോഗങ്ങളിൽ യൂണിറ്റ് പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തി. ഉണർവ് പഠനപത്രികാവബോധം നല്കി.

**യൂണിറ്റ് യോഗങ്ങൾ :** അഞ്ചുതെങ്ങ് 13/15, പുതുക്കുറിച്ചി 7/8, വലിയതുറ 7/8, കോവളം 4/4, പുല്ലുവിള 7/8, തൂത്തൂർ 8/6 എന്നീ ക്രമത്തിൽ യൂണിറ്റ് യോഗങ്ങൾ നടന്നു. ജീവിതശൈലി രോഗങ്ങൾ, വസ്ത്രധാരണം, മഴക്കാല രോഗങ്ങൾ, ചന്തയിലെ വിവിധ പ്രശ്നങ്ങളുടെ പരിഹാര മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് അംഗങ്ങൾക്ക് ബോധ്യം നല്കി.

**ഓഡിറ്റിംഗ്:** 17-ാം തീയതി കോവളം, 11-ാം തീയതി വലിയതുറ, 12 -ാം തീയതി പുതുക്കുറിച്ചി എന്നിങ്ങനെ വിവിധ തിയതികളിലായി

രൂപതാ ഓഡിറ്റർ ശ്രീമാൻ സൈബൻ സാറിന്റെ നേതൃത്വത്തിൽ ഓരോ ഫെറോനയുടെയും വരവ് ചിലവ് കണക്കുകൾ പരിശോധിക്കുകയും വാർഷിക ഓഡിറ്റിംഗിനു വേണ്ടിയുള്ള എല്ലാ റെക്കോർഡുകളും ക്ലിയർ ആക്കാനും നിർദേശിച്ചു.

**ലോൺ വിതരണം:** പുതുക്കുറിച്ചി രണ്ട് അംഗങ്ങൾക്ക് 50,000 രൂപ കോവളം ഒരു വ്യക്തിക്ക് 20,000 രൂപ അഞ്ചുതെങ്ങ് 2,00,000 രൂപ തൂത്തൂർ 90 അംഗങ്ങൾക്ക് 13,00,000 രൂപ എന്നീ ക്രമത്തിൽ ലോൺ വിതരണം നടത്തി.

**ഭവനസന്ദർശനം:** ഫെറോനാ ആനിമേറ്റർമാർ ഇടവക സന്ദർശനം നടത്തുകയും മത്സ്യത്തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ മനസിലാക്കി വരുന്നു. കൂടാതെ മത്സ്യവിപണന സ്ത്രീ ഫോറത്തിന്റെയും മത്സ്യത്തൊഴിലാളി ഫോറത്തിന്റെയും ലോൺകളക്ഷൻ നടത്തിവരുന്നു.

**നിവേദനം സമർപ്പിക്കൽ:** മത്സ്യത്തൊഴിലാളികളുടെ ഇൻഷുറൻസ് പുതുക്കൽ, പട്ടണ ഹാർബർ തടയണ കടൽഭിത്തി, എവിഎം കനാൽ ക്ലീനിംഗ്, പുലിമുട്ട് നിർമ്മാണം എന്നിവയ്ക്ക് വേണ്ടി തൂത്തൂർ ഫെറോനയിലെ വൈദീകരും മത്സ്യമേഖല ഭാരവാഹികളും ചെന്നൈയിൽ മന്ത്രിയെ കാണാൻ പോകുകയും നിവേദനം സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നീരോടി മാർത്താണ്ഡൻതുറ, വള്ളവിള എന്നീ സ്ഥലങ്ങളിൽ കടൽഭിത്തി പുലിമുട്ട് എന്നിവയ്ക്ക് വേണ്ടി 114 കോടി രൂപ ഗവൺമെന്റ് അനുവദിക്കുകയും പണികൾ ആരംഭിക്കുവാനുള്ള നടപടികൾ തയ്യാറായി വരികയും ചെയ്യുന്നു.

പുതുക്കുറിച്ചി ഫെറോനയിൽ 16-ാം തീയതി തീരദേശത്ത് ലേലഷെഡ് നിർമ്മാണം, തീരദേശ റോഡ് നിർമ്മാണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് മത്സ്യമേഖല ഫെറോനാ ഭാരവാഹികൾ പഞ്ചായത്ത് പ്രസിഡന്റിന് നിവേദനം നല്കി.

**കെഎംവിഎസ്:** ലത്തീൻ മുക്കുവ വിദ്യാർത്ഥികൾക്ക് കമ്മ്യൂണിറ്റി കോട്ടയിൽ ലഭിക്കേണ്ട അഡ്മിഷൻ നിഷേധിച്ചതിനെ പ്രതിഷേധിച്ചുകൊണ്ട് 15-ാം തീയതി സെന്റ് സേവ്യഴ്സ് കോളേജ് മാർച്ച് നടത്തി.

**റവ. ഫാ. ഷാജിൻ ജോസ്**
അതിരൂപത ഡയറക്ടർ

# അല്മായ ശുശ്രൂഷ

## അല്മായ ശുശ്രൂഷയ്ക്ക് പുതിയ ഡയറക്ടർ

26.06.2019 രാവിലെ കൃത്യം 11.15 ന് ബഹുമാനപ്പെട്ട വികാർ ജനറൽ മോ.സി.ജോസഫിന്റെ സാന്നിധ്യത്തിൽ പ്രാർത്ഥനയോടെ റവ. ഫാ. ടോണി ഹാംലറ്റ് പുതിയ ഡയറക്ടറായ ഫാ. തിയോഡേഷ്യസ് ഡിക്രൂസിന് തന്റെ ഔദ്യോഗിക പദവി കൈമാറി. അതിരൂപത ശുശ്രൂഷാ കോഡിനേറ്റർ റവ.ഫാ.മൈക്കിൾ തോമസ്, അതിരൂപത ആർ.സി.സ്ക്കൂൾ മാനേജർ റവ.ഫാ. ഡൈസൻ എന്നിവർ ഈ മഹനീയ സാന്നിധ്യത്തിൽ  പങ്കുചേർന്നു. പ്രസ്തുത യോഗത്തിൽ റവ. ഫാ. മൈക്കിൾ തോമസ് അല്മായ ശുശ്രൂഷ ഇതുവരെ ചെയ്ത പ്രവർത്തനങ്ങളെ വിലയിരുത്തുകയും പുതിയ ഡയറക്ടറിന് ആശംസകൾപ്പിക്കുകയും ചെയ്തു. കൂടാതെ KLCA, DCMS സംഘടന ഭാരവാഹികളും പങ്കെടുത്തിരുന്നു. റവ. ഫാ.ഡൈസന്റെ സമാപന പ്രാർത്ഥനയോടുകൂടി ചടങ്ങുകൾ പര്യവസാനിച്ചു.

## അതിരൂപത രാഷ്ട്രീയ കാര്യ സമിതി യോഗം

അതിരൂപത രാഷ്ട്രീയ കാര്യ സമിതി ജൂലൈ 9-ാം തിയതി വികാരി ജനറൽ റവ.ഫാ.സി.ജോസഫിന്റെ സാന്നിധ്യത്തിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് കൂടുകയുണ്ടായി. യോഗത്തിൽ KRLCC അംഗങ്ങളായ റവ.മോ.യൂജിൻ എച്ച് പെരേര, റവ.മോ.ജെയിംസ് കുലാസ്, അല്മായ ശുശ്രൂഷാ ഡയറക്ടർ റവ.ഫാ. തിയോഡേഷ്യസ്, റവ.ഫാ. മൈക്കിൾ തോമസ്, അതിരൂപത പാസ്റ്ററൽ കൗസിൽ സെക്രട്ടറി ഡോ.സിന്ത്യാ ക്രിസ്റ്റഫർ സമുദായ സംഘടനാ ഭാരവാഹികളായ പാട്രിക് മൈക്കിൾ, ഷേർളി ജോണി, മേരിപുഷ്പം, ഷൈജു റോബിൻ, ജോർജ്ജ് എസ് പള്ളിത്തുറ, നിക്സൻ ലോപ്പസ് സി.ജോണി എന്നിവർ പങ്കെടുത്തിരുന്നു. യോഗത്തിൽ അല്മായ സമുദായ സംഘടന പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. രാഷ്ട്രീയ കാര്യ സമിതി വിപുലീകരിക്കണമെന്നും 2 മാസത്തിലൊരിക്കലെങ്കിലും രാഷ്ട്രീയകാര്യ സമിതി യോഗം കൂടണമെന്നും , തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പ് അടുത്ത് വരുന്നതിനാൽ രൂപതാ തലത്തിൽ

റിസോഴ്സ് ടീം രൂപീകരിച്ച് ഫെറോനതലത്തിൽ അംഗങ്ങളെ തിരഞ്ഞെടുപ്പിനുവേണ്ടി ഒരുക്കണമെന്നും ഫാ. തിയോഡേഷ്യസ് പറഞ്ഞു. കൂടാതെ ജൂലൈ 12,13,14 എന്നീ ദിവസങ്ങളിൽ കൊട്ടിയത്ത് വച്ച് നടക്കുവാനിരിക്കുന്ന KRLCC യോഗത്തിൽ ലത്തീൻ അതിരൂപതയിൽ നിന്നും നിർദ്ദേശിക്കപ്പെട്ടവർ പങ്കെടുക്കണമെന്നും യോഗത്തിൽ ഡയറക്ടർ പറയുകയുണ്ടായി.

**KRLCC ജനറൽ അസംബ്ലിയും സമുദായ നേതൃസംഗമവും യോഗം**

KRLCC യുടെ 32-ാം ജനറൽ അസംബ്ലി ജൂലൈ 12,13,14 എന്നീ ദിവസങ്ങളിൽ കൊട്ടീയം വിമല ഹൃദയ ഹാളിൽ വച്ച് നടക്കുകയുണ്ടായി. യോഗത്തിൽ അതിരൂപത മെത്രാപൊലീത്ത മോസ്റ്റ്.റവ.ഡോ. സൂസപാക്യം, ക്രിസ്തുദാസ് പിതാവ്, റവ.ഫാ. ജെയിംസ് കുലാസ്, മോ. യൂജിൻ പെരേര, റവ. ഫാ.മൈക്കിൾ തോമസ്, KRLCC ജനറൽ കൗസിൽ അംഗങ്ങളും പങ്കെടുത്തു. രണ്ടാം ദിനം നടന്ന സമുദായ നേതൃസംഗമത്തിൽ തിരവനന്തപുരം അതിരൂപതയിലെ തദ്ദേശ സ്വയം ഭരണം സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായ 7 അംഗങ്ങൾ പങ്കെടുത്തിരുന്നു. യോഗത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്ക് ലത്തീൻ കത്തോലിക്കർക്കുള്ള പങ്കിനെക്കുറിച്ചുള്ള ചർച്ചകളായിരുന്നു പ്രധാനമായും നടന്നത്.

**KLCWA അതിരൂപത പ്രവർത്തനങ്ങൾ**

ജൂലൈ 6-ാം തിയതി KLCWA യുടെ സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ രാവിലെ 9 മണിയ്ക്ക് ആനിമസ്ക്രീൻ ദിനത്തിന്റെ ഭാഗമായി ആനിമസ്ക്രീൻ സ്ക്വയറിൽ തിരുവനന്തപുരം MLA വി.എസ്. ശിവകുമാർ പുഷ്പാർച്ചന നടത്തി ഉദ്ഘാടനം ചെയ്തു. ഈ പരിപാടിയിൽ KLCWA യുടെ സംസ്ഥാന പ്രസിഡന്റ് ജെയ്ൻ ആൻസിൽ സെക്രട്ടറി അൽഫോൻസാ മാത്യു, ജൂനിയർ ആനിമസ്ക്രീൻ, രൂപതാ KLCWA ഭാരവാഹികളായ ഷേർളി ജോണി, മേരിപുഷ്പം, KRLCC സെക്രട്ടറി ആന്റെണി ആൽബർട്ട് എന്നിവർ പങ്കെടുത്തു.തുടർന്ന് രാവിലെ 10 മണിയ്ക്ക് സെന്റ് ഹെയ്ൻ ഹാളിൽ വച്ച് ആനിമസ്ക്രീൻ ദിനത്തിന്റെ പ്രാധാ

ന്യത്തെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു. സെമിനാർ ഉത്ഘാടനം ചെയ്തത് ആന്റെണി ആൽബർട്ട് ആയിരുന്നു.

## KLCA അതിരൂപത പ്രവർത്തനങ്ങൾ

ജൂലൈ 10-ാം തിയതി കെ.എൽ.സി.എ യുടെ ആദ്യ യോഗം പുതിയ ഡയറക്ടർ ഫാ. തിയോഡേഷ്യസിന്റെ സാന്നിധ്യത്തിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് കൂടി. യോഗത്തിൽ അല്മായ ശുശ്രൂഷ എങ്ങനെ ആയിരിക്കണമെന്നും അതിൽ കെ. എൽ.സി.എയുടെ പ്രവർത്തനം എങ്ങനെയായിരിക്കണമെന്നും ഡയറക്ടർ വിശദീകരിച്ചു. കെ.എൽ.സി.എ രൂപീകരിച്ചിട്ടില്ലാത്ത ഇടവകകളിൽ രൂപീകരിക്കണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു. ജൂലൈ 19-ാം തിയതി ആനിമസ്ക്രീൻ അനുസ്മരണം നടത്തണമെന്നും യോഗം തീരുമാനിച്ചു.

ജൂലൈ 19-ാം തിയതി കെ.എൽ.സി.എ അംഗങ്ങൾ ആനിമസ്ക്രീൻ സ്ക്വയറിൽ വച്ച് ആനിമസ്ക്രീൻ അനുസ്മരണവും പുഷ്പാർച്ചനയും നടത്തുകയുണ്ടായി. അതിരൂപത ശുശ്രൂഷാ കോഡിനേറ്റർ റവ.ഫാ. മൈക്കിൾ തോമസ് ഉത്ഘാടന കർമ്മം നിർവ്വഹിച്ചു. ജൂനിയർ ആനിമസ്ക്രീൻ മുഖ്യ അഥിതിയായിരുന്നു. റവ.ഫാ. മൈക്കിൾ തോമസ് ആനിമസ്ക്രീനെ കുറിച്ച് സംസാരിച്ചു. ആനിമസ്ക്രീൻ ദിനം ആചരിക്കാൻ എത്തിയ എല്ലാവർക്കും ശ്രീ. ആന്റെണി ആൽബർട്ട് നന്ദി പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചു.

## അല്മായ ശുശ്രൂഷ ആനിമേറ്റേഴ്സ് യോഗം

ജൂലൈ 19-ാം തിയതി വൈകുന്നേരം 3 മണിയ്ക്ക് അല്മായ ശുശ്രൂഷാ ഡയറക്ടറുടെ സാന്നിധ്യത്തിൽ അല്മായ ശുശ്രൂഷാ ഓഫീസിൽ വച്ച് 9 ഫൊറോനകളിലെയും ആനിമേറ്റേഴ്സിന്റെ യോഗം കൂടുകയുണ്ടായി. യോഗത്തിൽ 8 ഫെറോനയിലെയും ആനിമേറ്റേഴ്സ് പങ്കെടുത്തു. അല്മായ ശുശ്രൂഷ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചുള്ള രൂപരേഖ ഡയറക്ടർ പവർ പോയിന്റ് പ്രസന്റേഷനിലൂടെ അവതരിപ്പിക്കുകയുണ്ടായി. കൂടാതെ ഓരോ ഫെറോനകളിലുള്ള ഇടവകകളുടെ ലിസ്റ്റും അല്മായ ശുശ്രൂഷയിൽ അടങ്ങിയിരിക്കുന്ന സംഘടനകളുടെ വിശദീകരണവും

ലീഫ്ലെറ്റായി നൽകുകയും ചെയ്തു.

എല്ലാ ഞായറാഴ്ചകളിലും ഫെറോന ആനിമേറ്റർമാർ അല്മായ ശുശ്രൂഷയ്ക്കുവേണ്ടി പ്രവർത്തിക്കണമെന്നും , ഞായറാഴ്ചകളിൽ ചെയ്ത പ്രവർത്തനങ്ങളുടെ ചെറുവിവരണം ഓഫീസിൽ എത്തിക്കണമെന്നും, കൂടാതെ എല്ലാ മാസത്തിലെയും രണ്ടാമത്തെ ഞായറാഴ്ചകളിലും അല്മായ ശുശ്രൂഷ പ്രവർത്തനങ്ങൾ വിലയിരുത്തലും റിപ്പോർട്ടവതരണവും ഉണ്ടായിരിക്കുമെന്നും ഓരോ ഇടവക വികാരിമാരെയും അല്മായ ശുശ്രൂഷ കവീനർമാരെയും നേരിട്ട് കണ്ട് പ്രവർത്തനങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്തണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു.

**അല്മായ ശുശ്രൂഷ ഫെറോനതല യോഗം**

ജൂലൈ 21-ാം തിയതി കോവളം ഫെറോന അല്മായ ശുശ്രൂഷ ഫെറോന സമിതിയോഗം ഫോറോന സെന്ററിൽ വച്ച് ഫെറോന കോഡിനേറ്റർ ഫാ. റോജന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ 6 അംഗങ്ങൾ ഉണ്ടായിരുന്നു. യോഗത്തിൽ അല്മായ ശുശ്രൂഷയുടെ പ്രവർത്തനങ്ങളെക്കുറിച്ച് രൂപത കോഡിനേറ്റർ ജോണി സി. വിശദീകരിക്കുകയുണ്ടായി. അതിനെതുടർന്ന് എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ച രാവിലെ 11.30 ന് ഫെറോന സമിതി യോഗം കൂടുവാനും ഓഗസ്റ്റ് മാസം 18-ാം തിയതി ഫെറോന അല്മായ ശുശ്രൂഷ ജനറൽ ബോഡി യോഗം കൂടി അല്മായ ശുശ്രൂഷയെക്കുറിച്ച് വ്യക്തമായ ബോധവത്ക്കരണം നൽകുവാനും അതിനെ തുടർന്ന് ഭാവി പരിപാടികൾ അവതരിപ്പിക്കുവാനും തീരുമാനിച്ചു. കൂടാതെ ഫെറോനയിലെ സാമുദായിക സംഘടനകളുടെ യോഗം മാസത്തിലൊരിക്കൽ കൂടുവാനും ആ യോഗത്തിൽ പങ്കെടുക്കുവാൻ രൂപത കോഡിനേറ്ററിനെയും ഫെറോന ആനിമേറ്ററിനെയും നിർബന്ധമായും അറിയിക്കണമെന്നും ഇടവക തലത്തിൽ അല്മായ ശുശ്രൂഷയുടെ യോഗങ്ങളും സാമുദായിക സംഘടനകളുടെ യോഗങ്ങളും ഭക്തസംഘടനകളുടെ യോഗങ്ങളും ഏതൊക്കെ ദിവസങ്ങളിൽ കൂടുന്നു എന്നതിനെക്കുറിച്ച് മനസ്സിലാക്കുവാൻ ഫെറോന ആനിമേറ്ററിനെ യോഗത്തിൽ ചുമതലപ്പെടുത്തുകയും ചെയ്തു.

**റവ. ഫാ. തിയോഡേഷ്യസ് ഡിക്രൂസ്**
അതിരൂപത ഡയറക്ടർ